# അനശ്വരന്റെ ഗാനം

ഹാ വിറച്ചു പറന്നകലുന്നു
ദേവി, നിന്നെ സ്മരിക്കവേ
കോടി കോടി യുഗങ്ങളായെന്നിൽ–
ക്കൂടുകെട്ടിയ നോവുകൾ
ഊർന്നുവീഴും പുലർ വെളിച്ചത്തിൽ–
വാർന്നുപോം നിഴൽപോലവേ.
ചാരെപ്പൂത്തെഴും പിച്ചകത്തിൽ നി–
ന്നോരുന്നു ഭവൽ സൗഭഗം,
ദൂരേനിന്നു വരുന്ന കാറ്റിനാൽ–
ത്തേറുന്നു ഭവൽസംഗമം.
ചുംബനോൽക്കമായെൻ കരളിലെ–
ച്ചുണ്ടുടനെ വിറയ്ക്കുന്നു,
കണ്ണടയുന്നു, കാതടയുന്നു,
കാലിടറുന്നു, വീഴുന്നു.

ൟൟ

വീണതു പക്ഷേ, ഭൂതസർവ്വസ്വ–
പ്രീണനൈകപരായണേ,
മൃത്തിലല്ലല്ലോ, താവകാനന്ത–
വിസ്തൃതോരസ്സിലാണല്ലോ !

# മാധവിക്കുട്ടി

‘ഇതെന്തു ശനി!’ യെന്നോർത്തു
നില്ക്കും പോലീസ്സുകാരെ

തോളിൽക്കൈവെച്ചുണർത്തുന്നൂ
മാധവിക്കുട്ടി പിന്നെയും:

‘‘വാഴും ഞാനങ്ങയോടൊത്തു
പഞ്ചാഗ്നിനരകത്തിലും

അശോകാരാമത്തിലാണെ–
ന്നുള്ള സന്തുഷ്ടിവായ്പൊടെ.

മുപ്പത്താറാണ്ടു വാണേനി–
ബ്ഭൂമിയിൽക്കന്യയായി ഞാൻ,

വാരിദച്ഛായ വീഴാത്ത
മരുഭൂവെന്നമാതിരി.

മുളയ്ക്കാനുള്ള മോഹത്താൽ–
ത്തപിക്കും സർഗ്ഗവാസ

എന്മനസ്സിൻകീഴ്നിലത്തിൽ–
ച്ചുരമാന്തിയ നാൾകളിൽ,

കണ്ണീർനിറകുടംപോലെൻ–
ചാരത്തമ്മ മയങ്ങവേ,

മഴമേഘങ്ങളെ സ്വപ്നം

കണ്ടുറങ്ങിക്കിടന്നു ഞാൻ.

അനേകം പുരുഷന്മാരെ
ക്കണ്ടിരിക്കുന്നു: സർവ്വരും

വാതരോഗിണിയാമെന്നിൽ–
പ്പെയ്തൂ ദീനാനുകമ്പകൾ.

എന്റെ കാലിന്റെ മരവി–
പ്പകറ്റീലവയെങ്കിലും

ഉള്ളിലെ ജ്വാലകൾക്കൂർജ്ജ–
സ്സിരട്ടിപ്പിച്ചു നിർദ്ദയം.

എങ്കിലും, ജീവിതോന്മേഷം
മൊത്തി മൊത്തിക്കുടിച്ചു ഞാൻ

കൊച്ചുസോദരിതൻപൊട്ടി–
ച്ചിരിയീന്നു നിരന്തരം.

കാലേ കൈവന്ന നാഥന്റെ
കൂടെയാപ്പെണ്ണിറങ്ങവേ,

നിശ്ശബ്ദമായീ പെട്ടെന്നെൻ–
മന;–സ്സീ വീടു പിന്നെയും.

അസൂയകൊണ്ടല്ല; വാഴ–
യ്ക്കൂന്നിനോടുള്ളതെത്രയും

നന്ദിയാണ;–തു വീണെന്ന
വിനയാണുളവായി മേ.

വലംകൈയിന്നു സിദ്ധിച്ച
വളയെച്ചൊല്ലിയേവളോ

ഞെളിയാത്തൂ? ഖേദമതി–
ന്നസ്വാധീനത്തിലാണു മേ.

നെടുമംഗല്യമേ നേർന്നേ–
നനുജത്തിക്കു പിന്നെയും,

മാമ്പൂനിരയ്ക്കു സാഫല്യം
തെളിവാനം വിധിക്കവേ.

ക്രമാലെന്നിൽത്താൻ ലയിച്ചു
മത്താരുണ്യവിജൃംഭിതം

അന്തിയോളമറുക്കാഞ്ഞ
ചെന്താരിൻ ശോഭപോലവേ.

എന്നിലെപ്പെൺകിടാവമ്മ–
ട്ടുറങ്ങുമ്പൊഴുതല്ലയോ

ഉണർന്നൂ, പാദപാതത്താൽ–
പ്പാമ്പുപോലേ, ത്വദുക്തിയാൽ?

ഈ വയസ്സിനിടയ്ക്കെന്നോ–
ടോതിയില്ലാണൊരുത്തനും

'അഴകുള്ളോളാണു പെണ്ണേ,
നീ'യെന്നങ്ങേകനെന്നിയേ.

ഓർക്കുന്നുണ്ടാവില്ല ഭവാ–
നിന്നാസ്സംഭവ;–മെങ്കിലും

ആമോ വേഴാമ്പലിന്നാദ്യ–
മേഘനാദം മറക്കുവാൻ?

മുറ്റത്തെ മുല്ലയ്ക്കലന്തി–
ത്തിരി ഞാനന്നു വെയ്ക്കവേ,

കാക്കിവേഷത്തൊടേ ഡ്യൂട്ടി
കഴിഞ്ഞങ്ങാഗമിക്കവേ.

എന്നെ നോക്കിബ്ഭവാനാത്തേൻ
തുള്ളി തൂകിയ വേളയിൽ

എന്മെയ്യാപാദചൂഡം മൂ–
വന്തിപോലെ തുടുത്തുപോയ്.

നാഡിതോറും പാഞ്ഞു മൂളി
തളർത്തുന്നൊരു മാധുരി;

കാറിലുണ്ടിത്തരം വെള്ളിൽ
ക്കിളിയെന്നോർത്തതില്ല ഞാൻ.

തിളച്ച തൈലമായെൻമേ–
ലാ ലയം പ്രസരിക്കവേ

ഒട്ടുനേരം മറന്നേനെ–
ന്നിടം കാലിലെ വാതവും.

അഥവാ, കൃഷ്ണനാൽപ്പണ്ടു
കുബ്ജതൻ കൂനുപോലവേ

അങ്ങയാലെൻവാതരോഗ–
മില്ലാതായ്ത്തീർന്നു മാത്രയാൽ.

ഏതൊരാളന്നാശകെട്ട
ഞാനാമൂഷരഭൂമിയെ

ഒറ്റവാക്യം കൊണ്ടു പൂത്ത
ഹരിതാരാമമാക്കിയോ,

അദ്ദേഹത്തെപ്പിരിഞ്ഞുംകൊ–
ണ്ടിരിപ്പാനാവതില്ലമേ,

അശോകാരാമത്തിലെന്ന–
ല്ലമരോർവ്വിയിലാകിലും.''

പോലീസ്സുകാരൻ പരമൻ
സ്തംഭിച്ചങ്ങനെ നിന്നുപോയ്

ഇടിഞ്ഞുവീഴും വിണ്ണിന്റെ
കീഴിൽപ്പുല്ക്കൊടിമാതിരി!

''ഇതെന്തു ശനി, ഞാനെന്തു
ചെയ്യേണ്ടു പരദേവതേ?

നാട്ടിലെ സ്റ്റേഷനിൽ ഡ്യൂട്ടി–
ക്കെത്തണ്ടേ നാളെ രാവിലെ?

ഇവിടേത്തെജ്ജോലി,യിന്നു
വന്നയാളേറ്റെടുക്കയാൽ

ഇനിയിച്ചൗക്കിയിൽത്തങ്ങാ–
നെനിക്കില്ലൊരു ഞായവും.

അഹോ, ചത്തു കിടന്നൂ ഞാ–
നീരാണ്ടീക്കാട്ടുപാതയിൽ

ചുങ്കവും കാത്തുകൊണ്ടെന്റെ
ജീവനെഗ്ഗണിയാതെയും.

നരിയമ്മാനിരമ്പുന്ന,
താന ചിന്നംവിളിപ്പതും.

അറിഞ്ഞില്ലെന്നെണ്ണിനേ, നാ–
പ്പെരുമ്പാമ്പിഴയുന്നതും.

അമോക്ഷനരകത്തിൽക്കണ്‍–

ചിമ്മിയമ്മട്ടുറങ്ങവേ

ഇതാ,ഭാഗ്യം വന്നു ചൊൽവൂ:
'നാടു പൂകാം നിനക്കിനി,

നോക്കി നോക്കിക്കണ്ണു പുളി–
ച്ചിരിപ്പൂ നാണിയിപ്പൊഴും

നിന്റെ ചാളപ്പുരയ്ക്കുള്ളി
ലഞ്ചാളോമൽക്കിടാങ്ങളും.

അവരെച്ചെന്നു കണ്ടോളൂ,
മുകർന്നോളൂ തെരുക്കനെ;

നുകർന്നോളൂ പുനസ്സംഗ–
നിരന്തരുചിരാമൃതം.'

ഇടി മിന്നീടവേ ഭൂവിൽ–
ക്കൂണെന്നോണം മുളച്ചുപോയ്

ആ വാർത്ത വന്നു ചേർന്നപ്പൊ–
ളെന്നിൽ പുതിയ ജീവിതം.

ശരി, ഇക്കാട്ടിലന്നം ത–
ന്നെന്നെപ്പോറ്റിയതേവരോ,

അമ്മപെങ്ങന്മാർകണക്കി–
ലെന്നെസ്സേവിച്ചതേവരോ,

പഞ്ഞത്തിലും നന്മകളാൽ–
ച്ചേർക്കുന്നുണ്ടഴകേവരോ

ആ വീട്ടുകാരോടോതേണം
നന്ദി, ചോദിക്കണം വിട.

ചിരിച്ചും കൊണ്ടു ഞാൻ വന്നൂ
ചൊല്ലീ വിവരമൊക്കെയും.

അപ്പൊഴേയ്ക്കല്ലി നീ പൊട്ടി–
ത്തെറിക്കുന്നൂ, കുഴപ്പമേ!''

നെടുവീർപ്പിട്ടവൻ നിൽക്കേ–
ത്തദായസഭുജങ്ങളിൽ

ചാഞ്ഞുവീണാളാക്കിതപ്പും
വിയർപ്പും പൂണ്ട കന്യക.

മധ്യാഹ്നവെയിലത്തൂടെ–
ബ്ബഹുദൂരം പറക്കവേ

തളരും പ്രാവു മാർഗ്ഗത്തിൽ–
കാണുമാൽക്കൊമ്പിലെന്നപോൽ.

തൻമെയ്യിലവൾ മെയ്ചേർക്കെ–
ക്കിടിലം കൊണ്ടുപോയവൻ

കാൽക്കീഴിൽനിന്നീ ഭൂഗോളം
പൊഴിഞ്ഞാലെന്നമാതിരി.

''മാധവിക്കുട്ടി, നീ നില്ക്കൂ
സ്വന്തം കാലിൽബ്ബലത്തൊടെ;

നിന്നെ സ്പർശിക്കുവാൻ പാടി–
ല്ലെനിക്കെന്നറിവില്ലയോ?

ഒരുത്തിക്കിന്നു ഭർത്താവാ,–
ണഞ്ചു പേർക്കുറ്റ താതനും:

തദീയേച്ഛാവിധേയൻ ഞാ–
നാളാമോ നിന്നെ വേൾക്കുവാൻ?

നിന്നെയും കൂട്ടി ഞാൻ ചെന്നാൽ–
ച്ചൊല്ലുമെന്തെന്റെ നാട്ടുകാർ?

തോഴരൂറിച്ചിരിക്കില്ലേ?
നാണി കേഴുകയില്ലയോ?

എനിക്കവളിലുണ്ടായ
കിടാങ്ങളതു കാൺകവേ,

ഇരിക്കക്കൂര പോയ്പോയ–
മട്ടിൽക്കർത്തവ്യമൂഢരായ്.

കഴുത്തിലരയിൽക്കയ്യിൽ–
ക്കാലിൽത്തൂങ്ങുകയില്ലയോ?

പനമ്പട്ട കൊഴിഞ്ഞപ്പോൾ–
ക്കൂടു കീറി നശിക്കയാൽ

അതിന്നു ചുറ്റും പാറുന്ന
കൂരിയാറ്റകൾമാതിരി,

മക്കളെന്നെച്ചൂഴ്ന്നു നില്ക്കേ,–
കേണുകേണന്ധരാകവേ,

മാധവിക്കുട്ടി, നീ പശ്ചാ–
ത്തപിക്കേണ്ടിവരില്ലയോ?''

തറിയെപ്പൂണ്ടു നില്ക്കുന്ന
വെറ്റിലച്ചെടിയെബ്ബലാൽ

പറിച്ചകറ്റും വൻകാറ്റാ–
ത്തൊടിയിൽക്കൂത്തടിക്കവേ,

പരമൻതൻതോളിൽനിന്നു
പിരിഞ്ഞും പിരിയാതെയും,

വിളർത്തു പൊള്ളച്ച ചുമർ–
ക്കുമ്മായത്തേപ്പുമാതിരി,

മാധവിക്കുട്ടി നില്പാകേ–
പ്പരമൻ മൂകനായ് ക്ഷണം:

ഉമിനീരാൽച്ചൊടി നന–
ച്ചോതീ പിന്നെയുമിങ്ങനെ:

''മൂർച്ചയേറും കോടികോടി–
ക്കോണുള്ളൊരു മണൽത്തരി

ചിപ്പിതൻ മൃദുവാമന്ത–
ശ്ചർമ്മത്തിലുരസും പടി,

തുടിപ്പൂ പോയ കാലത്തിൻ
മധുരോജ്ജ്വലമാം സ്മൃതി,

മകളേ, മജ്ജീവനിലീ–
ച്ചുഴി കുത്തുന്ന വേളയിൽ!

ആദ്യം ഞാൻ ഡ്യൂട്ടിയിൽച്ചേർന്ന
കസ്ബയിങ്കലരിക്കയായ്

പോത്തുവണ്ടികളെപ്പോലെ–
സ്സേവനം പേറുമാണ്ടുകൾ.

ഒറ്റപ്പുള്ളിയെ ലോക്കപ്പി–
ലാക്കീലന്നിവനെങ്കിലും

ഇവനെബ്ബന്ധനം ചെയ്തു
നാണിതൻപരിരംഭണം.

അന്ധവും നിർഗ്ഗന്ധവുമാ–

മെന്റെ ജീവിതവേദിയിൽ

പാതിരാപ്പൂ വിടർത്തിക്കൊ–
ണ്ടുദിച്ചാളേതു ചന്ദ്രിക,

നിശ്ശേഷ്ടമായെന്റെ ജീവൻ
പാതാളത്തിലരിക്കവേ,

മാണിക്യശ്രീ പെയ്തതിനെ–
പ്പൂണ്ടൊരാ നാഗകന്യക

നാണിയൊറ്റച്ചുംബനത്താ–
ലെന്നിലെപ്പൗരുഷങ്ങളെ

മുളപ്പിച്ചാളാണ്ടമുള–
ങ്കാടിനെച്ചിങ്ങമെന്നപോൽ.

കൂട്ടുകാരായ പോലീസ്സു–
ചേട്ടന്മാർമദ്യശാലയിൽ

രാവുറങ്ങീ, പരമനോ
മദിരാക്ഷീഗൃഹത്തിലും.

അന്നൊരിക്കൽക്കൃഷ്ണപക്ഷ–
നിശീഥിനി മുഴുക്കവേ

രാഗദീപപ്രഭയിലൂ–
ടെത്തിനേൻ തൽഗൃഹാങ്കണം.

അന്ധകാരങ്ങളിൽപ്പൂത്ത
മുല്ലവള്ളിപ്പടർപ്പിലായ്

ഞങ്ങളന്യോന്യമിറുകി–
സ്സല്ലപിച്ചു രമിക്കവേ,

കോഴി കൂവീലല്ലി? പൂവൻ–
കോഴിപോലുദയദ്യുതി

ഏറെ നേർത്തെയുണർന്നെത്തി–
പ്പാറീ പൂർവ്വാചലങ്ങളിൽ.

കണ്ണാടിപോലെ നല്ലോരെൻ–
ചങ്ങാതി പുലർവേളയിൽ

പിരിഞ്ഞുപോകുമെന്നോടു
ചൊല്ലീ തെല്ലുൽസ്മിതത്തൊടെ:

'ഭവാന്റെ കവിളത്തുള്ള
സിന്ദൂരക്കുറി മായ്ക്കണേ,

ചുണ്ടത്തെഴും കണ്ണെഴുത്തു–
മഷിയും – കുറവില്ലയോ?'

'ശരി,നിൻകവിളത്തുള്ള
ചോര കങ്ങിയ പാടുകൾ

മായ്ക്കുമെങ്ങനെ നീ?'യെന്നു
ചോദിയ്ക്കേ, പ്രിയ ചൊല്ലിനാൾ:

'അതു മായരുതിജ്ജന്മ–
മെന്നു മോഹിച്ചിടുന്നു ഞാൻ;

സ്വാതന്ത്ര്യമുണ്ടാണിന,വൻ
മറന്നാലോ പഴങ്കഥ?''

ഉടനേ മൂകരായ്ത്തീർന്നൂ
നാണിയും ഞാനു;മാകയാൽ

വീട്ടിന്റെ ചുമരിൽഗ്ഗൗളി
ശബ്ദിക്കുന്നതു കേട്ടു ഞാൻ.

തേങ്ങും കരളൊടേ പെട്ടെ–
ന്നവളെച്ചേർത്തു പുല്കവേ.

ഇളവെയ്ലാൽ നനഞ്ഞോരാ–
പ്പിറാവിന്നിരുചൂണ്ടിലും

ഗാഢഗാഢം ദീർഘദീർഘ–
മായിച്ചുംബിച്ചു നിൽക്കവേ,

പുളിപ്പും നനവും പറ്റി–
ച്ചേർന്നിതെന്നിരുചുണ്ടിലും!

അത്രനിർമ്മലയാത്തയ്യ–
ലെത്രയോ ലോലയെങ്കിലും,

ബലവാനാക്കിനാളെന്നെ–
പ്പിന്നീടീ നിമിഷം വരെ.

വെറും താമരനൂൽകൊണ്ടു
തളയ്ക്കപ്പെട്ടിരിക്കുകിൽ

കരിണീതുല്യയാ; – ണാ നൂ–
ലറ്റാലോ പുഴുവാണവൾ.

ഓർക്കുവേൻ: ഞാൻ പോന്നതിന്റെ
തലേന്നിരവിലാരുമേ

ഉറങ്ങിയില്ലെൻ ക്വാർട്ടേഴ്സിൽ
കെട്ടില്ലാ ദീപനാളവും.

കലമ്പും മക്കൾ മിണ്ടാതെ
മുക്കിൽകുത്തിയിരിക്കവേ,

അസ്വസ്ഥയാം നാണിതൻ പീ–
നോദരം ഞാൻ തലോടവേ,

ഗർഭസ്ഥനാമുണ്ണിപോലും
പിടഞ്ഞൂ പുലരുംവരെ.

അവന്റെ രൂപമെന്താവും?
നില്പാണുൽക്കണ്ഠയിപ്പൊഴും,

ഉറക്കത്തിലുമെൻനേത്ര
പടലത്തിലുണർവ്വൊടെ.

ചെത്തിലൂടമ്മമാർ പോകെ–
യൊക്കത്തേന്തും ശിശുക്കളെ

മുന്തിരിങ്ങ കൊടുത്തീ ഞാൻ
ചിരിപ്പിക്കുമ്പൊഴൊക്കെയും

ഉയരും ചുടുനീരാവി
ഹൃത്തിലെക്കുളിർപൊയ്കയിൽ:

എന്റെ പൊന്നാരമുത്തേ, നിൻ
ചിരിയിങ്ങനെയാവുമോ?

ഇതോ നിൻചെവിയും കണ്ണും?
നിനക്കുണ്ടോ നുണക്കുഴി?

കീരിപ്പല്ലോ നിനക്കുള്ളൂ,
പലകപ്പല്ലുതന്നെയോ?

അവനെപ്പെറ്റ നേരത്തും
കരഞ്ഞൂ നാണിയെങ്കിലും

മദ്വിയോഗത്തിങ്കലല്ലോ
കരഞ്ഞു പരമാർത്ഥമായ്!

ആ ദീനനാദമെൻ കാതിൽ

ക്കിടന്നിന്നും മുഴങ്ങവേ

മാധവിക്കുട്ടി, ഞാനെമ്മ–
ട്ടാളാവും നിന്നെ വേൾക്കുവാൻ?''

രണ്ടുപേർക്കും നടുക്കേതോ
മുറുകും കമ്പമാതിരി

വലിഞ്ഞുനിന്നൂ നിർമ്മൂക–
നിമിഷം; ഭാനുബിംബമോ

മറഞ്ഞി:– താ വീട്ടിലാകെ–
ത്തളം കെട്ടീ മഹാന്ധത.

പരമൻ ചൊല്ലി: ''നേരാണെ–
ന്നാദ്യത്തെക്കുട്ടി, ദേവകി,

നീയെന്നപോലെശ്ശാലീന–
പാവനച്ചിരി പൂണ്ടവൾ.

ആഴ്ചതോറുമയയ്ക്കുന്ന
കത്തിലൊന്നു ലഭിക്കയാൽ

സങ്കല്പലീനനായ് ത്തീർന്ന
ഞാൻ നിന്നെ ക്കണ്ടുമുട്ടവേ,

പറഞ്ഞിരിക്കാ,മൂറുന്ന
വാത്സല്യക്കണ്ണുനീരൊടേ,

'അഴകുള്ളോളാണു പെണ്ണേ,
നീ'യെന്നുമവിചാരിതം.

അതു വാടാത്ത തുമുല്ല–
പ്പൂവാണെന്നോർത്തതില്ല ഞാൻ!'

നിൻ നെഞ്ചു കീറും വാളാണെ–
ന്നോർത്തതില്ലോ,ർത്തതില്ല ഞാൻ!

നിരുദ്ധകണ്ഠനായ് ത്തീർന്ന
പരമൻ മൂകനാകവേ,

മാധവിക്കുട്ടിതന്നുള്ളും
മുഴക്കംകൊണ്ടു; ലോകവും

ചിനപ്പിടിച്ചൂ മലടി
പ്പയ്യിനെന്ന മഹോത്സവം

ചാപിള്ളതൻ പിറവിയാൽ
ത്തകർന്ന ഗൃഹമാ,യവൾ.

മൂളിക്കത്തുന്ന പൂക്കുറ്റി
പോലേ തൊണ്ട ചിലമ്പിയും

ഒഴുകും കണ്ണുനീരോടും
ഗർജ്ജിച്ചൂ സിംഹിയിങ്ങിനെന:

''ക്രൂര, താങ്കളിതാണുള്ളിൽ–
ക്കരുതീടുന്നതെങ്കിലോ,

അതെന്നോടാദ്യമേ ചൊവ്വേ
പറയാമായിരുന്നുവോ?

വിളിച്ചുണർത്തിച്ചോറില്ലെ–
ന്നോതീടുമുപചാരമേ,

വിണ്ണിന്റെ കീഴിലെന്തുള്ളു
നിന്നെക്കാളേറെ നിഷ്ഠുരം?

അഥവാ, താങ്കളെമ്മട്ടി–
ലറിവൂ മന്മനോഗതം!

വെളിച്ചമറിവീലല്ലോ
തമസ്സിൻഹൃദ്ഗതങ്ങളെ.

അറിയാതെ ചവുട്ടിപ്പോ–
യവിടുന്നെൻമനസ്സിനെ,

ആടിത്തളർന്നതിൻപോട്ടി–
ലുറങ്ങുമുരഗത്തെയും.

പതിനായിരമാം പത്തി
വിടർത്താടുകയാണവൻ,

അവന്റെ ഫൂൽക്കൃതിയെനി–
ക്കേകുന്നൂ മോഹവിസ്മൃതി.

തദ്വിഷത്താൽക്കലങ്ങുന്നു–
ണ്ടാകെയെൻ രക്തവാഹിനി,

കാളിയന്റെ വിഷത്താലേ
യമുനാനദിപോലവേ.

ഇല്ലെനിക്കിനി നിർമ്മുക്തി,
വാഴ്വെനിക്കിന്നസഹ്യമായ്:

ബധിരം, നിശ്ചലം, മൂകം,
സ്തംഭിക്കുന്നൂ ചരാചരം.

തളർന്നതാ,കിടക്കുന്നൂ
പടിഞ്ഞാറമ്പിളിക്കല

കെട്ടോരവരവിത്തിന്റെ
മട്ടിൽ – ക്കാണുന്നിതോ ഭവാൻ?''

''കാണുന്നു ഞാ,''നെന്നു ചൊന്ന
പരമന്നൊച്ച വറ്റവേ,

റാന്തലിൻകതിരാക്കണ്ണിൽ–
പ്പൊടിയും മുത്തിൽ വീഴവേ,

പിച്ചളക്കൂട്ടേറുമോട്ടു–
മണിപോലേ കലമ്പിയും

കലർപ്പറ്റെഴുമോടിന്റെ
നാദം പിന്നിൽ മുഴങ്ങിയും

കരച്ചിലെന്നപോൽപ്പൊട്ടി–
ച്ചിരിച്ചുംകൊണ്ടു തയ്യലാൾ

പറഞ്ഞൂ പാവമാം കൊച്ചു
പൈതലോടമ്മ പോലവേ:

''കരയാനൊന്നുമുണ്ടായീ–
ലിവിടെ,–ത്താങ്കളാകിലോ

പുമാനുമാണു; നിസ്തോഭ–
മിരിക്കാമീ കസേലയിൽ.

എട്ടരയക്കുള്ള ബസ്സിന്നു
പോകുവാനല്ലി നിശ്ചയം?

അതങ്ങനെത്തന്നെയാവാം,
വിഷമിക്കേണ്ട ലേശവും.

പേടി വേണ്ട,ങ്ങയെക്കൊത്തി–
ല്ലെന്നിലെപ്പാമ്പൊരിക്കലും

ഉണർത്തിയെന്ന, രണ്ടാമ–
തുറക്കീലെന്ന, ഹേതുവാൽ.

മാമകാത്മാവിനെക്കൊത്തി–

ക്കീറുമീ വീറിലാശ്ശാൻ

വിഷപ്പല്ലറ്റു വീർപ്പറ്റു
വീഴുമിപ്പോൾ പ്രശാന്തിയിൽ.

പട്ടണത്തിൽച്ചെന്നു, കേഴും
കുടുംബത്തോടിണങ്ങുവാൻ,

അവരിൽജ്ജീവിതാവേശ–
ത്തിരി വീണ്ടും കൊളുത്തുവാൻ,

ആ വെളിച്ചത്തിന്റെ തുരീ–
യാനന്ദത്തിൽക്കുളിക്കുവാൻ,

ഞാനാം നിഴലതോടൊപ്പം
കഴുകിപ്പോവതിന്നുമേ

പ്രാർത്ഥിപ്പേൻ, എന്തിനല്ലെങ്കിൽ–
പ്രാർത്ഥിച്ചീടുന്നു? കേൾക്കുവാൻ

ആരുള്ളു ലോകമേ, നിന്നി,–
ലജ്ഞേയകഠിനത്വമേ?''

അവൾ തന്നമ്മയാവട്ടേ
പരമന്നുള്ള കാപ്പിയും

പലഹാരങ്ങളും കൊണ്ടു–
വന്നുചേർന്നൂ പൊടുന്നനെ.

ഉരിയാടുകയും ചെയ്തു
''നേരമിത്തിരി വൈകിയോ?

മകനേ, വരുമോ നീയി–
ത്തള്ളയെക്കാണുവാനിനി?''

''വരു,''മെന്നൊരു വാക്കോടേ
പരമന്നശ്രു പൊട്ടവേ,

അവന്റെ ഹൃദയം തേടീ
''വരുമോ വാസ്തവത്തിൽ നീ?''

അകലെക്കുയിലാരാഞ്ഞു
''പോകുമോ പോകുമോ ഭവാൻ?''

അരികെഗ്ഗൗളി ചോദിച്ചു
''വരുമോ വരുമോ ഭവാൻ?''

## അഞ്ചും തികഞ്ഞവൻ

അഞ്ചാണുപോലും സ്വയംകൃതാനർത്ഥം;

അഞ്ചും തികഞ്ഞവനാണു ഞാനിപ്പോൾ.

ദാരിദ്ര്യക്കഞ്ഞിതൻ കയ്പുനീർ മോന്തി
മൂരി നിവർത്തി വളർന്നവനാം ഞാൻ

രണ്ടിഷ്ടഭാര്യമാരുള്ളവനായി,
രണ്ടിടത്തും കൃഷിക്കാരനുമായി,

ചെത്തുവക്കിൽപ്പുര വെച്ചവനായി,
ഉത്തരവാദിത്വബദ്ധനുമായി.

ഇന്നിതാ സാക്ഷിയായ്ക്കൂട്ടിലും കേറി:
ഇന്നിയെന്തൊന്നു തികയുവാനുള്ളു?

ഊഊഊ

മാനിയായ് സ്ക്കൂളിലെജ്ജാലികൊണ്ടോമൽ–
'ജ്ജാനു'വെസ്സേവിച്ചു വാണിടും കാലം

അന്തിയോടൊത്തു ഞാനമ്പലമുറ്റ–
ത്തെന്തിനേ കണ്ടു കല്യാണിയെ മുന്നിൽ?

കണ്ടതു പോട്ടെ, ഞാൻ കൈകൂപ്പി നില്ക്കേ,
കണ്ടിവാർകേശി പ്രദക്ഷിണം വെയ്ക്കേ,

കാൽതെറ്റിയെന്മുന്നിൽ വീണതെന്തിന്നാ–
ക്കാതരാപാംഗി ബലിക്കല്ലു തട്ടി?

വീണോരെത്താങ്ങണമെന്നുള്ള ശാസ്ത്രം
വീഴ്വാക്കല്ലെങ്കിൽ ഞാൻ നല്ലതേ ചെയ്തു.

നേരാണവളെ ഞാൻ താങ്ങിയേല്പിച്ചു,
മാറാല വെച്ചു മുറിവു ഞാൻ കെട്ടി.

ആളുകളെന്തിനാണപ്പൊഴേയ്ക്കങ്ങോ–
ട്ടായിരം കോണുള്ള കൺകളും നീട്ടി

എത്തിയതെ?–ന്നിട്ടതുമിതും ചൊല്ലി–
ക്കൊത്തിപ്പറിച്ചതാക്കന്യതൻകീർത്തി!

അന്നാദ്യം കണ്ടവർ തമ്മിലുണ്ടത്രേ
മുന്നാലേ ഗൂഢാനുരാഗസംബന്ധം.

വേണ്ടതിലേറെത്തെളിവുമുണ്ടത്രേ
വേറെത്തൊഴിലറ്റ ലോകർതൻ കയ്യിൽ!

ഊഊഊ

എന്നെയല്ലമ്മഴക്കാറിലാപ്പെട്ട
കന്നിനിലാവിനെച്ചൊല്ലി ഞാൻ കേണേൻ.

അരിപൂക്കൾ കാണാപ്പുതുക്കലം വീട്ടു–
നരികൾതൻ പാൽക്കൊതി തച്ചുടച്ചല്ലോ!

ഊഊഊ

എന്നിലെക്കോപം മദം പൊട്ടി നിൽക്കെ,–
ക്കണ്ണിൽനിന്നാ മദനീരിറ്റുവീഴ്കെ,

ജാനുവിൻ തണ്ടലരല്ലിയാം ചിത്തം
നാനാകൃമികുലം തിന്നു തുളയ്ക്കേ,

എന്നൊടാരാഞ്ഞിതപ്പെൺമലയാളി;
'ഒന്നു ഞാൻ ചൊല്ലുകിൽച്ചെയ്യുമോ നിങ്ങൾ?'

''ശങ്കയോ?'' മൽച്ചുണ്ടനങ്ങിടും മുമ്പാ–
സ്സങ്കടക്കുത്തിൻച്ചിറവരമ്പറ്റു:

''കഷ്ടമേ, കണ്ണീരിൽ മുങ്ങുകയാണാ–
ക്കല്ല്യാണി; ജന്മം തുലഞ്ഞുപോയല്ലോ!

നെഞ്ഞുറപ്പുണ്ടെങ്കിലാവതും വേഗം
നിങ്ങളാപ്പെണ്ണിന്നുടുപുട നല്കൂ!

ആണിന്റെ ഭാര്യയെന്നെങ്കിലും മേലാ–
ലാനന്ദമെന്നിലഹങ്കരിക്കട്ടെ.''

ൗൗൗ

മുറപോൽക്കൃഷിയാൽപ്പുലരുമാ രണ്ടു
തറവാട്ടിനും ബന്ധുവായി ഞാൻ വാഴ്കേ,

'ഇരുരണ്ടുനാലി'ന്റെ വിത്തു വിതച്ചേ–
നെലിമെന്ററിസ്കൂളിലന്തിയാവോളം.

കീറിയിട്ടില്ലെന്ന ഭാവനകൊണ്ടു
കീറയുടുപ്പുകളസ്സലായ്ത്തുന്നി,

കിട്ടുന്ന ശമ്പളം ഭാര്യമാർക്കൊപ്പം
വെട്ടിപ്പകുത്തു കൊടുത്തു ഞാൻ വാണു.

'തഞ്ചമറികി',ലന്നോർത്തു ഞാൻ, 'രണ്ടു
വഞ്ചിയിൽക്കാലിട്ടും സാധ്യമാം യാനം.'

ൗൗൗ

എന്തിനപ്പോഴേയ്ക്കിടിഞ്ഞു വീണൂ വ–
ന്നെൻതലയ്ക്കിക്കൊടും തീമലയാവോ!

ജാനുവിൻവീട്ടിലെക്കാരണവന്മാർ
ഊണരിതീർന്നു മരിച്ചതുകൊണ്ടും,

കല്യാണിക്കുള്ള പൊന്നാങ്ങള നാടു
കയ്യിലടക്കാനൊളിച്ചതുകൊണ്ടും

രണ്ടിടത്തേയും കൃഷിയുടെ ഭാരം
കൊണ്ടുനടക്കണം മേലിൽ ഞാൻതന്നെ.

രണ്ടു നിലങ്ങളും തമ്മിലോ, ഏതാ–
ണ്ടുണ്ടുതാനും ദൂരമൊന്നരക്കാതം.

ൗൗൗ

ഉത്തരം മുട്ടി ഞാൻ നില്ക്കവേ, ചൊല്ലി
ബുദ്ധിമാന്മാരെന്റെ നാട്ടുകാരൊക്കെ.

''മധ്യത്തിലാക്കണം താമസം, അപ്പോൾ
ബുദ്ധിമുട്ടിന്നൊരു ശാന്തിയുണ്ടാകും''

എത്താം കൃഷിസ്ഥലം രണ്ടിലും ബസ്സിൽ;
വിദ്യാനിലയമോ, പത്തടി ദൂരേ!''

എന്റെ പോഴത്തരമാമൊഴി കേട്ടി–
'ട്ടെത്ര നേരെ'ന്നു നിനയ്ക്കയും ചെയ്തു.

മുക്കിമൂളിക്കൊണ്ടൊടുവിലോ, ചെത്തു
വക്കത്തൊരു പുര വെയ്ക്കയും ചെയ്തു.

എന്നിട്ടും തീരാതെ നില്പല്ലോ പൊല്ലാ–
പ്പൊന്നിൽനിന്നുണ്ടായ രണ്ടിനെപ്പോലെ!

നാലിൽശ്ശനിയുള്ള വേളയിലാവാം
ഞാനാപ്പുരയ്ക്കു കല്ലിട്ടതു പക്ഷേ;

കുറ്റുശസ്സദ്യയ്ക്കിടയിലെന്തിന്നീ–
ക്കുത്തും മുറിയും നടന്നത,ല്ലെങ്കിൽ?

ൗൗൗ

പാർട്ടികളെല്ലാം, വെറിപിടിച്ചോരോ
പാട്ടുപോലുള്ള തെറികളും ചൊല്ലി,

കയ്യിലെക്കോലിൽക്കൊടികളും തൂക്കി,–
ക്കണ്ടോർക്കു വോട്ടു പിടിക്കുവാൻ വേണ്ടി,

പാതതോറും ഘോഷയാത്രകൾ ചെയ്കേ,
ബോധം വെയിലേറ്റു വേർപ്പായൊലിക്കേ,

വെച്ചുമുട്ടീടിനാരന്യോന്യം: അപ്പോ–
ളുച്ചവെയിലും കടുംചുവപ്പായി!

ആവട്ടെ, ഈ വീരകേരളീയത്വ–
മാചന്ദ്രതാരം ജയിച്ചു നില്ക്കട്ടെ!

എന്നാലുമുണ്ടൊരു തേങ്ങലെന്നുള്ളിൽ:
എന്തിനാപ്പോരെൻ പടിക്കൽവെച്ചായി?

അല്ലെങ്കിൽ,ക്കുറ്റൂശയുണ്ടവരപ്പോ–
ളെല്ലാമില തുടച്ചുണ്ടിരുന്നെങ്കിൽ!

ഊഊഊ

കേളുവും ചേന്നനും തമ്മിലടിച്ച
കേസ്സിന്നു സാക്ഷി പറഞ്ഞതിൻശേഷം,

കോർട്ടു പിരിഞ്ഞിക്കവലയിലെത്തി
നാട്ടേയ്ക്കു ബസ്സിൽക്കയറിടും നേരം

ചോദിച്ചുപോകയാണിന്നു ഞാൻ, അല്ലെ,ൻ–
ചേതനയിങ്കലിരമ്പിടും മൗനം:

അഞ്ചാണുപോലും സ്വയംകൃതാനർത്ഥം:
അഞ്ചും തികഞ്ഞവനാണു ഞാൻ, പക്ഷേ,

ഈ'യനർത്ഥ'ത്തിൽ'സ്വയംകൃതം' കൂട്ടി–
വായിപ്പതാരാം  കുരുടനോ മാടോ?

# പശുവും മനുഷ്യനും

വാണിയങ്കുളത്തു നിന്നൊരു പയ്ക്കിടാവിനെ

വാങ്ങിയിട്ടുണ്ടേ മേനോ,''നെന്നൊരു പുകൾ കേൾക്കേ

താടിയെല്ലിനു നേരിട്ടുയർന്ന ചുടുചായ
താഴെ വെച്ചെഴുന്നേറ്റാനുണ്ണീരി നടക്കൊണ്ടാൻ.

കാണുമ്പോളല്ലേ, നെറ്റിയ്ക്കുണ്ടൊരു വെള്ളച്ചൂട്ടാ–
ക്കേമിക്കു, വളഞ്ഞോരോ ചാണോളം പോരും കൊമ്പും,

അഴകിന്നവതാരമാണവൾ, അയ്യാ, നില–
ത്തൊഴുകിക്കളിക്കുന്നൂ ബാലധിക്കരിങ്കൂന്തൽ.

''കണ്ണെഴുതിയിട്ടുമുണ്ടല്ലെടി, മോളേ, നീ'' എ–
ന്നുണ്ണീരി മെല്ലെപ്പയ്യിൻ ചെവിയിൽപ്പറയവേ,

നെറ്റിയിലെഴുമൊറ്റച്ചുഴിയും പിന്നിൽപ്പൂണ്ട

ക്കെട്ടിനു കീഴേ ഭാഗ്യച്ചുഴിയും നിരീക്ഷിക്കേ,

അവൾതൻനടുപ്പുറച്ചുഴിയിൽത്തർജ്ജന്യഗ്ര–
മമർത്തിസ്സർവ്വാംഗവുമൊന്നിച്ചു വിറപ്പിക്കേ,

അൻപുറ്റ മിഴിയോടേ കോലായിൽ നില്ക്കും മൂത്ത
തമ്പുരാൻ ചൊല്ലീ, ''നീയാണിതിനെശ്ശുശ്രൂഷിക്കാൻ;

പയ്യിനെത്തല്ലാം തെച്ചിപ്പൂവാരേഴൊന്നാൽ, വെണ്ണ–
നെയ്യുരുളയാൽമാത്രമെറിയാം വേണ്ടീടുകിൽ.''

തിരുവായ്ക്കെതിർവായില്ലു,ണ്ണീരിയോർത്തൂ, തന്റെ
കരൾനോവിപ്പയ് നക്കിത്തോരിച്ചെന്നുമാം പക്ഷേ.

ഃഃഃ

മുഖ്യമാണേകാദശീവ്രതഭഞ്ജനത്തിന്നു
മുറ്റും *'ദ്വാദശിക്കായ്ക'ളെന്ന വിശ്വാസത്തോടെ

തമ്പുരാനറുപ്പിക്കും നെല്ലിക്കകളിലൊന്നു
തൻകയ്യാലെടുത്തവൻ കടിച്ചുതിന്നീടവേ,

ചവച്ചീടുന്നൂ തന്റെ ഭാവന മുൻകാലത്തിൻ
ചവർപ്പും മാധുര്യവും; കണ്ണുകൾ നിറയുന്നൂ:

അന്നവൻ മലമറിച്ചീടാവും കിളക്കാരൻ,
കന്നുപൂട്ടലിൽ, ത്തെങ്ങുകേറലിൽ സ്സുവിദ്ഗ്ദ്ധൻ,

ആളുകൾക്കെല്ലാം പ്രിയൻ, കാലിയെ വാങ്ങുന്നവർ–
ക്കാകവേ വിശ്വസ്തനാമൊരു ലക്ഷണക്കാരൻ

കാശിന്നും പണത്തിന്നും കളിയെന്നില്ലാ, വേനൽ–
ക്കാലത്തോ തടി ചായ്ക്കാൻ സ്വൈരവുമുണ്ടാവില്ല!

[2]'കന്നിനെത്തെളി'യല്ലേ ദേശമാം ദേശത്തൊക്കെ?
ഉണ്ണീരി വേണം താനുമേവർക്കും [3]'ചെരിപ്പിന്മേൽ'.

ജീർണ്ണമാം തൊഴുത്തിലും [4]'പുല്ലുട്ടിയി'ലും പാർക്കും
നീറിനെച്ചിതലിനെക്കുഴിയാനയെപ്പോലും

ചൂലുകൊണ്ടടിച്ചെടുത്തകലെത്തള്ളി, സ്വച്ഛ–
ശീലയാം [5]'മൊഖാല'യെക്കുടിവെച്ചതിൻശേഷം,

കയ്യാലപ്പക്കത്താഞ്ഞ കുണ്ടയിൽനിന്നാറേഴു
[6]കന്നോളം വൈക്കോലൂരിപ്പുല്ലുട്ടി നിറച്ചപ്പോൾ

പൂർവ്വമാമലയിന്മേൽച്ചുരന്നൂ മെല്ലേ മെല്ലേ
പൂർണ്ണിമ മൊഖാലതൻ മധുരക്ഷീരം പോലെ.

അവൾതൻ തീനും കണ്ടുനിന്നുവോ താനത്രമേൽ
അരുളിച്ചെയ്തീടുന്നൂ തമ്പുരാൻ: ''ഉണ്ണാൻ വായോ''.

പരുത്തിക്കൊട്ടയ്ക്കൊപ്പം പിണ്ണാക്കും കുതിർന്നുട–
ഞ്ഞുറകുത്തീടുമുണങ്ങെല്ലരിക്കഞ്ഞിച്ചെമ്പിൽ

ഉള്ളങ്കൈ നടത്തിക്കൊണ്ടാവോളം പശുവിന്റെ
പള്ളയിലാക്കിത്തൊട്ടുതടവിക്കഴിഞ്ഞപ്പോൾ

മുറ്റത്തെ നെല്ലിക്കൊമ്പിൽപ്പാതിരാക്കിളി പാടീ,
മുഗ്ദ്ധമാഗ്ഗീതം കിനിഞ്ഞിറങ്ങീ തദാത്മാവിൽ.

കയ്യാലയ്ക്കകം വൈക്കോൽക്കിടക്ക തീർത്തൂ, ചായ്ചു
മെയ്യവ, നതിന്മീതേ വിരിച്ചോ [7]‘രാൾപ്പാ’യിന്മേൽ.

ഒരു പപ്പടത്തോളം വെളിച്ചം വീണൂ മെല്ലെ–
ന്നിരുളിൽ, ക്കറങ്ങുമാശ്ശോഭയിൽക്കാണായ് വന്നൂ:

പൂങ്കണ്ണീരരുവികളൊഴുകും കവിളുകൾ
പൂർണ്ണേന്ദുക്കളെപ്പോലെത്തിളങ്ങും നഖങ്ങളും:

തന്നുടെ തനിച്ഛായ ചേരുമൊരാൺകുഞ്ഞുണ്ടാ–
ത്തയ്യലിൻമടിത്തട്ടിൽച്ചിരിച്ചു തിണ്ടാടുന്നൂ.

പറയുന്നുമുണ്ടെന്തോ കാന്താംഗി; കേൾപ്പീലൊന്നും;
അറിവീലാരീ നാരി? ഗാഢമായ് ച്ചിന്തിപ്പൂ താൻ.

ഉൽക്കടദൈന്യം മുഖത്താളുന്നൂ, കുടിലിന്റെ
തെക്കുഭാഗത്തേയ്ക്കവൾ നടന്നുചെന്നീടുന്നൂ.

ആറടിനിലം മാന്തിക്കുഴിച്ചീടുന്നൂ നീണ്ടു
വാരൊളിതൂകും തൻകൈനഖരങ്ങളാലവൾ.

കുഞ്ഞിനു മീതേ താനും ശയിപ്പൂ, ചാരത്തെ മൺ–
കൂമ്പാരം സ്വയം നീങ്ങിച്ചെന്നു മൂടുന്നൂ കുഴി.

ഉടനെക്കത്തീ ദു:ഖമുണ്ണീരിയുടെ നെഞ്ചി,–
ലുരുകീ വിയർപ്പാ,യാളുണർന്നൂ കിതപ്പോടെ.

ൗൗൗ

അക്ഷയമേതോ പൂർവ്വസ്മൃതിപോലല്ലോ കൊറ്റി–
നക്ഷത്രം ശോഭിക്കുന്നൂ വിളറും വാനത്തപ്പോൾ;

മോശമായിരുന്നില്ല തന്റെ കൈനേട്ടം; ദൈവം
വാശികൊൾവതുപോലെത്തോന്നുന്നൂ പലതിലും,

നികന്നുവരും മധുപാത്രമില്ലദ്ദേഹത്തിൻ–
വകയാമൊരു തരിപ്പാഷാണം കലരാതെ.

അല്ലെങ്കി,ലൊന്നാമത്തെപ്പേറിന്നു വരിക്കേണ്ട–
തില്ലേവമപമൃത്യു പൊന്നാരക്കാളിക്കുട്ടി,

കറുപ്പിന്നെന്താണെ,ണ്ണക്കൊഴുപ്പാണവൾ, ഇല്ലാ
പൊറുത്തോരാ നീൾക്കണ്ണേറേറ്റിട്ടു പനിക്കാതെ.

എങ്കിലുമാണിൻ മുമ്പിലെന്നുമാ നോട്ടം തങ്ങി
തൻകാൽത്തൂനഖദ്യുതി ചൂണ്ടും നേർവഴിയിൽത്താൻ.

അവൾതൻകുടിലതയൊട്ടുക്കുമരക്കെട്ടു–
കവിയെത്തിരതല്ലും കറ്റച്ചായലിലത്രേ.

കാളിക്കുട്ടിയോടൊപ്പം ചത്തുപോയുണ്ണീരിയെ–
ന്നാളുകൾ തമ്മിൽത്തമ്മിൽ മന്ത്രിപ്പു തന്നെക്കാൺകേ.

അതു നേരാവാ, മവളിരിക്കും കാലം നിന്നൂ
മദയാനയും തൻകൈ വരച്ച വരയിന്മേൽ.

ഇന്നനുകമ്പപ്പെരുമാരിയാം തന്നോടുള്ളൂ
കന്നാലിപ്പിള്ളർക്കു,മിതെങ്ങനെ സഹിക്കാവൂ!

ൗൗൗ

പിറ്റേന്നു കാലേ തോട്ടിൽക്കഴുകീ മൊഖാലയെ,
മുറ്റുമുന്മേഷത്തോടെ കുളിച്ചു പിന്നേ താനും.

ഇളവെയ്‌ലേറ്റുംകൊണ്ടു തിരികെപ്പോരും നേരം
ഫലിതം പറഞ്ഞാനാപ്പയ്യിനോടയാളേറെ,

''ഇക്കൊല്ലമില്ലേ നിന്റെ കടിഞ്ഞൂൽപ്പേറാ,ക്കുഞ്ഞി–
മക്കളെത്താലോലിക്കാൻ കൊതിയാവുന്നൂ പെണ്ണേ!''

ൗൗൗ

ഇന്നലെക്കഴിഞ്ഞതുപോലെയാണെല്ലാം; പതി–
നൊന്നുരു വീണ്ടും മുറ്റത്തുയർന്നൂ വൈക്കോൽക്കുണ്ട.

ഒക്കെയുമുണ്ണീരിതൻ കൈവഴി മൊഖാലയും
മക്കളുമകത്താക്കീ,ചാണകം വളമായി.

ഒന്നുക്കൊന്നര തന്നൂ മേനോന്റെ പുഞ്ചപ്പാട–
മിന്നതു വിശപ്പെന്നു മറന്നൂ പത്തായങ്ങൾ

പശുവീപ്പടിക്കുള്ളിൽ കാലുകുത്തിയ കൊല്ലം
പത്മിനിക്കുഞ്ഞമ്മയ്ക്കൊരാൺപിറന്നവനുണ്ടായ്.

കോവിലകത്തെക്കൊച്ചുതമ്പുരാനല്ലോ വന്നു;
ദേവതേ, വാഴൂ മദിരാശിയിലായുസ്സോടെ!

ഒരു ക്ലാസിലും തോല്ക്കാതില്ലാത്ത മഠയനും
തിരുമാലിയുമായ വേണുത്തമ്പുരാനല്ലോ

പത്തിൽനിന്നൊന്നാമനായ്ജ്ജയിച്ചു മൊഖാല വ–
ന്നെത്തിയ കൊല്ലം, സ്ഥിതിയെത്രമേൽ മാറിപ്പോയി.

കത്തിച്ച വാണക്കുറ്റിതന്നെയാം ഭാഗ്യം; ഇന്നാ
ബുദ്ധിമാൻ തുക്ടിസ്സായ്പായിരിപ്പൂ വടക്കെങ്ങോ.

ദുരിതംതന്നേ ഗൃഹനാഥയ്ക്കു പക്ഷേ, പൈക്കൾ–
ക്കറിവില്ലല്ലോ വാതചികിത്സാവിധിയൊന്നും.

മറക്കൂ കിട്ടാക്കുറ്റി, റൊക്കമെന്തുണ്ടെന്നോർക്കൂ:
മനശ്ശാന്തിക്കീബ്ഭൂവിലത്രയേ പൊരുൾ പണ്ടും.

മറിച്ചും മൊഖാലതൻ കാര്യങ്ങൾ മെച്ചംതന്നെ:
പറിച്ചു നട്ടില്ലയോ തന്നിൽനിന്നെട്ടെണ്ണത്തെ?

ആയുസ്സുമുണ്ടേവർക്കും: മൂത്തവന്നാനക്കാർതാ–
നാകിലും കുളമ്പുകൊണ്ടൊന്നമർക്കാനേയുള്ളു.

പട്ടായിമാറും കള്ളനുണ്ണീരി വന്നാൽമാത്രം;
തൊട്ടുരുമ്മീടും താട ചൊറിയിക്കുവാൻ വേണ്ടി.

പറയാൻ വാക്കില്ലല്ലോ തിര്യക്കിന്നോ,രോ ചെള്ളും
പറിച്ചുകൊടുക്കുമ്പോളുണ്ടൊരു വാലിട്ടാട്ടൽ.

മേലെയാ രണ്ടാമതു പെറ്റതാം 8'പൂവാലി'താൻ
ശീലത്തിൽ, അല്ലെങ്കിലതമ്മതൻ മകളത്രേ.

പതിനൊന്നാണ്ടിൻ മുമ്പു കുഴയും കാൽവെപ്പോടി–
ത്തൊടിയിൽച്ചവുട്ടിയ നിന്നമ്മതൻചേലൊക്കെ

പൂവാലി, നിന്മക്കളും പുലർത്തുന്നല്ലോ ശ്യാമ–

മേദുരവപുസ്സിനാൽ ക്കൊമ്പിനാൽ വാലാൽച്ചൂട്ടാൽ.

പാഴിലല്ലല്ലോ കാലം ക്രൂരമെന്നാക്ഷേപിപ്പു
പൂർവ്വികർ: മൊഖാലയിന്നെന്തുമാതിരിയായ്പ്പോയ്!

എല്ലുകളെണ്ണാം, രോമം മിക്കതും കൊഴിഞ്ഞൂർന്നൂ,
മെല്ലിച്ചു, ചാരം പോലെ വിളർത്തുംപോയീ വർണ്ണം,

ഒരു നാരെന്തെങ്കിലും കടിച്ചു,മതിയായി!
ഒരിറക്കെന്തെങ്കിലും കുടിച്ചു, തൂമ്പിപ്പോയി!

അവളാണരപ്പറപ്പാൽതന്ന മൊഖാലയെ–
ന്നാണയിട്ടാലും പുറനാട്ടുകാർ ചിരിക്കുന്നു!

ဟဟဟ

അശ്രുവിൽക്കലങ്ങുന്ന കണ്മഷി കപോലത്തി–
ലാടിയേ വന്നൂ തുലാമാസത്തിലൊരു കാല്യം.

മുറുക്കിക്കൊണ്ടേ മൂത്ത തമ്പുരാനപ്പോൾ ചാരി–
യിരിപ്പു കോലായിലെ ക്യാൻവാസുകസേലയിൽ.

ഉണ്ണീരി മഴമുകിൽപ്പൊടിയെശ്ശപിച്ചുംകൊ–
ണ്ടെണ്ണതേപ്പിപ്പു മുറ്റത്തുള്ള തൻമൊഖാലയെ

ഇത്തിരി ചുടുവെയിൽ കിട്ടിയാൽപ്പയ്യിൻതോലിൽ
പറ്റിയ ചെള്ളെമ്പാടും പറിഞ്ഞുപോയ്പോയേനേ!

പെട്ടെന്നു ചോദിക്കുന്നൂ തമ്പുരാൻ, ''വിറ്റാലെന്തു
കിട്ടുമീച്ചാവാളിക്കൊ,രൂഹം നീ പറഞ്ഞാട്ടെ.''

ഉറക്കപ്പിച്ചോ? താനിക്കേട്ടതെന്തു?–ണ്ണീരിക്കു
മുഴക്കം തോന്നീ ചെപ്പിക്കടികൊണ്ടതുപോലെ.

വില്ക്കുമോ മൊഖാലയെ? താനനുവദിക്കാതെ
വില്ക്കില്ല, വിറ്റീടുവാനധികാരമില്ലാർക്കും!

തമ്പുരാൻ തുടരുന്നൂ, ''തന്നതു ലാഭം: പതി–
നഞ്ചിനാണെങ്കിൽക്കൊണ്ടുപോയ്ക്കൊള്ളാൻ പറഞ്ഞുഞാൻ.

പറ നീ, ചേതം വരാനെന്തുള്ളൂ? വൈക്കോൽനാരു
വെറുതെപ്പോവുന്നില്ലെന്നുണ്ടല്ലോ സമാധാനം.''

ဟဟဟ

അക്ഷിയിൽത്തളംകെട്ടും കണ്ണീരിൻ വരമ്പറ്റു
ആത്മബോധത്തിൻ മൂക്കുകയറും തെറിച്ചുപോയ്.

''ഉണ്ണീരിയൊരുത്തനീബ്ഭൂമിയിലുള്ളപ്പോളാ–
ക്കന്നിന്റെ കഴുത്തിലെക്കയറു തൊടില്ലന്യൻ.

തമ്പുരാൻ കല്പിക്കണം, മിണ്ടാപ്രാണിയെത്തൊടും–
മുമ്പവരടിയന്റെ തൊണ്ടയെല്ലറുക്കട്ടെ''.

നടുങ്ങിപ്പോയീ വീടും ലോകവും ഗോളങ്ങളും;
അടങ്ങീലുണ്ണീരിയിൽച്ചുരമാന്തിടും മർത്ത്യൻ:

പയ്ക്കളെ സ്നേഹിപ്പവരവയെക്കശാപ്പിന്നു
വില്ക്കില്ലെന്നുച്ചം,സ്വന്തലോഭത്തെശ്ശിക്ഷിക്കട്ടെ.

പാഴ്നിണപ്പണം ദഹിക്കില്ലെന്നു ധരിക്കട്ടെ,

പാലു നല്കിയ കയ്യിൽക്കൊത്തുവാൻ ലജ്ജിക്കട്ടെ,

നോവെല്ലാ മൃഗത്തിന്നും തുല്യമെന്നറിയട്ടെ,
നാവിനെക്കാളും ബലം കൈക്കെന്നും പഠിക്കട്ടെ.

മെയ്‌വിറ നിലയ്ക്കാഞ്ഞു വീഴുന്നൂ നിജവൈക്കോൽ–
ശ്ശയ്യയിൽച്ചെന്നാബ്ഭൗമസങ്കടപിണ്ഡീഭാവം.

കയ്യാലയ്ക്കുള്ളിൽത്തന്നേ കിടക്കെക്കേട്ടാനൊരു
പയ്യിന്റെയുമ്പാരവമന്തിയോടടുത്തപ്പോൾ.

(അബലന്റേതാം സ്വപ്നമരഞ്ഞാലരയട്ടേ,
പ്രബലൻ തേരോടിക്കാതിരുന്നീലിന്നേവരെ.)

ആരവമകന്നകന്നിശ്ശബ്ദപ്രപഞ്ചത്തിൻ
നീരവഹൃദയത്തിലലിഞ്ഞുംപോയീ പിന്നെ.

അവിടുന്നവനേല്ക്കെസ്സപ്തമി പടിഞ്ഞാറു
പൊലിവൂ, കൂവീടുന്നൂ വെളിയിൽക്കാലങ്കോഴി.

ഝഝഝ

കഴിഞ്ഞു വാതക്കാരിയാ രാവിൽ! മേനോന്നപ്പോൾ
ക്കരിനാഗത്തെച്ചവിട്ടുന്നപോലെന്തോ തോന്നീ.

കണ്ണുനീരൂറീ: സഹധർമ്മിണീശവംചേരും
കട്ടിലിൽ മൊഖാലതന്നുടലോ പിടയ്ക്കുന്നു?

കരളിൽത്തൂശിത്തുളവീഴുന്നൂ, വിടരുന്നൂ
നിമിഷംതോറും, മെഴുത്തിരിയാവുന്നൂ ജീവൻ.

പിറ്റേന്നു പുറത്തളം തുറന്നീടവേ കാണായ്:
മറ്റൊരു ശവം നിൽപ്പൂ നെല്ലിത്താഴ്കൊമ്പിന്മേലും!

# പള്ളിയിലെ കാര്യം

ജീവിതരാജാങ്കണമിതിലാരോ
തൂവിയ നെന്മണികൊത്തുന്നു

വാസന നീട്ടും കൊക്കുകളാലി
ബ്ഭാസുരരാകുമരിപ്രാക്കൾ.

''പൂഴിയിലാണ്ടു മറഞ്ഞുകിടക്കും
പാൽമണികളിലേ വീഴുന്നൂ

ഓരോ കൊത്തും'', കാണ്മവരുള്ളിൽ
ക്കൂറീടുന്നിതൊരാശ്ചര്യം,

''പതിവീല്ലൊരു കുറിപോലും കൊക്കുകൾ
പതിരി;–ലിതെന്തൊരു നൈപുണ്യം!''

അള്ളാവൊരുവന്നറിയാം, പക്ഷേ,
പള്ളിക്കുള്ളിലെ യാഥാർത്ഥ്യം:

പ്രാവിനു കിട്ടിയതയ്യോ, പട്ടിണി
നോവും വെറുമൊരു വയറത്രേ.

# കുണ്ടുണ്ണി

അമ്പത്തേഴു പിറന്നാളു–

ണ്ടതിൽപ്പിമ്പി,ന്നു രാവിലെ

അമ്മയ്ക്കു വഴിപോൽ ശേഷ–
ക്രിയചെയ്തെഴുനേല്ക്കവേ

നിശ്ചലം നിന്നുപോകുന്നി–
തകാരണമകാരണം;

അന്ധമെങ്കിലുമെൻ കണ്ണി–
ലുറുന്നുണ്ടശ്രുവിന്നുമേ.

ഊഊഊ

പിറന്നാനൊരു കുണ്ടുണ്ണി–
യമ്പത്തേഴാണ്ടിനപ്പുറം

ഇരുളിൽപ്പുഴ്ന്നൊരീ നാട്ടിൻ–
പുറത്തെക്കൊച്ചു കൂരയിൽ.

ആരാന്റെ പാട്ടക്കൃഷിയാ–
ണാ വീട്ടിന്റെ കുലത്തൊഴിൽ.

എങ്കിലും പശിയെന്തെന്നാ–
ക്കുഞ്ഞറിഞ്ഞീലൊരിക്കലും.

എടുക്കാനും കൊടുക്കാനു–
മാൺകുഞ്ഞില്ലവനെന്നിയേ

തറവാട്ടിൽ; കടിച്ചിട്ടി–
ല്ലുറുമ്പും പേനുമുണ്ണിയെ.

നാലുപേരുണ്ടവന്നമ്മാ–
മന്മാരാ,ക്കൈപ്പടങ്ങളിൽ

വിശ്രമിക്കാൻ കൂടിയില്ല
മൂധേവിക്കൊരു മാത്രയും.

പറങ്കിമാമ്പഴത്തോപ്പി–
ലാറ്റിൻ ചിറ്റോളമാലയിൽ,

അശോകപ്പൂമരക്കൊമ്പിൽ,
മൂരിക്കുട്ടന്റെ വാലിലും

ചൂളമിട്ടാടിനാൻ ചെക്ക–
നിളംകാറ്റെന്നമാതിരി.

എന്നാൽ,കൈയിൽത്തഴമ്പോലു–
മമ്മാമന്മാർ മരിക്കവേ

അവന്നു വിശ്വരൂപത്തി–
ലരുളീ പശി ദർശനം.

ഇമ പെട്ടെന്നു പോയ്പോയ
കണ്ണിൽത്തീവെയിൽ വീഴവേ

പകയ്ക്കും കൃഷ്ണമണിപോ–
ലവൻ നിന്നൂ നിരാശ്രയൻ!

എങ്കിലും ചിലനാൾകൊണ്ടാ
നടുക്കം പഴകീടവേ

തന്നുള്ളിലെപ്പൂരുഷനെ–
ക്കണ്ടെടുത്തു നിരങ്കുശൻ

ഞാനീ ഞാനേയുള്ളു നാളെ
മേലിലീപ്പുര താങ്ങുവാൻ;

മൃദുലാസ്ഥികളേ, കല്ലായ്
ത്തീരുവിൻ ദയവാർന്നുടൻ!

കരിയും നുകവും പേറി–
പ്പതിനഞ്ചാം വയസ്സുമായ്

കന്നിൻകുളമ്പടി തുടർ–
ന്നുഭയത്തിലിറങ്ങവേ

ഞാനീ ഞാൻ കോൾമയിർക്കൊൾവൂ
താഴത്തെൻ മാതൃഭൂമിയും,

കടിഞ്ഞൂൽപ്പൂക്കളാൽ ചുറ്റും
ചിരിക്കും നവവർഷവും!

ആദ്യത്തെദ്ദിവസം കാലൊ–
ന്നിടറിപ്പൊട്ടിയെങ്കിലും

പിറ്റേന്നുതാനെന്റെ കണ്ട–
മമ്പെപ്പൂട്ടി മറിച്ചു ഞാൻ.

രണ്ടാമത്തെപ്പുകിലിൽ ഞാൻ
കൊയ്യിച്ച മണിനെല്ലുകൾ

മെതിച്ചളന്നു കൂമ്പാര–
മാക്കി മുറ്റത്തു കൂട്ടവേ

ചൊല്ലിനാരെന്നമ്മ രണ്ടു
പെങ്ങന്മാരും സവിസ്മയം:

‘‘ഒന്നുക്കൊന്നരയാണല്ലോ
വിളവീയാണ്ടി,ലിപ്പണി

എവിടുന്നു പഠിച്ചാനീ–
ച്ചെക്കനിത്ര തെരുക്കനെ?’’

‘‘തലകുത്തി മറിഞ്ഞിട്ടു–
മമ്മാമന്മാരൊരിക്കലും

വിളയിച്ചീലിത്ര നെല്ലീ–
ച്ചെക്കൻ കെങ്കേമനല്ലയോ?’’

‘‘നാലുതൂണും കാറ്റിലാടി–
വീണതോർത്തു കരഞ്ഞ നാം

കണ്ടീലൊ,റ്റക്കരിങ്കൽത്തൂ–
ണുണ്ടായീ പുര താങ്ങുവാൻ!’’

തങ്ങളെക്കാളൂക്കനായ
മണൽത്തരികളേറ്റിയും

കുതിച്ചും പാഞ്ഞിതപ്പോഴെൻ
കാൽക്കീഴിൽപ്പാഴുറുമ്പുകൾ.

ഉയർന്നൂ യൗവനത്തിന്ന–
ന്നുത്തമാംഗം പൊടുന്നനെ

ദേവമാർഗ്ഗത്തോളം: എന്നിൽ
ച്ചെറുതാണെന്തുമുർവ്വിയിൽ!

വിധിതൻകണ്ണിലാക്കുഞ്ഞി–
ഗ്ഗർവ്വമാപ്പെട്ട വേളയിൽ

വാത്സല്യക്കണ്ണുനീരൂറീ,–
ലിന്നതോർത്തു ചിരിപ്പു ഞാൻ!

അല്ലെങ്കി,ലെന്തിനുണ്ടായി
ചിരിച്ചുംകൊണ്ടിരിക്കവേ

പിറ്റേത്തെ വേനലിൽത്താനൊ–
രുണലെന്നുടെ നെറ്റിയിൽ?

അതു കാൺകെ,പ്പാവ,മെന്റെ
കണ്ണിൽക്കണ്ണാടിനോക്കവേ

കളിമ്പം പെയ്തു ചേട്ടത്തി,
''കൂമ്പിയല്ലോ മുഖക്കുരു''.

നുള്ളിക്കളഞ്ഞു നാണത്താ–
ലുണലാ രാത്രിതന്നെ ഞാൻ;

പുലർച്ചയ്ക്കുണരുമ്പോഴോ,
കുളിർകോരുന്നു മേനിയിൽ!

സൂര്യദേവനുദിച്ചിട്ടും
പായിൽച്ചുരുളുമുണ്ണിയെ

വിളിക്കാനെന്നമ്മ ചൊടി–
ച്ചരികത്തെത്തിനിൽക്കവേ

പുതപ്പു നീക്കിച്ചൊന്നാളെ–
ന്നർദ്ധനിദ്ര കലങ്ങവേ,

''ചെക്കന്റെ മേലെന്തൊട്ടാകെ–
പ്പൊന്തിക്കാണുന്നു ദൈവമേ!''

അമ്പത്തിയഞ്ചുദിവസ–
മാരാന്റെ പരിചര്യയിൽ

കഴിഞ്ഞിട്ടല്ലയോ പിന്നീ–
ടെഴുന്നേറ്റു കുളിച്ചു ഞാൻ!

അന്നു ഞാനുമ്മറത്തെത്തി–
ച്ചുറ്റും നോക്കിയ വേളയിൽ

ഒരു കാര്യമുറപ്പായീ:
ലോകം ഞാൻ കാണലില്ലിനി!

ആളിപ്പോയെൻമനസ്സപ്പോൾ,
ച്ചൂളിപ്പോയെന്നിലേയ്ക്കു ഞാൻ;

രൂപവും വർണ്ണവും ചേർന്ന
വെളിച്ചം കെട്ടുപോയിതോ?

ഇനി ഞാൻ കാൺകയില്ലെന്നോ
ജ്വലിക്കും സൂര്യദേവനെ,

പൂനിലാവു പൊഴിക്കുന്ന
നിറതിങ്കൾക്കുടത്തിനെ,

കണ്ണുചിമ്മിക്കളിക്കുന്ന
കമ്രനക്ഷത്രരാശിയെ,

മഴവില്ലിനെ, വാരന്തി-
പ്പൂലരിച്ചെന്തുടുപ്പിനെ?

ഓർത്തുപോയീ, പണ്ടു വാവു-
കുളിക്കാൻ പോയ നാളിൽ ഞാൻ

നിരന്തരതരംഗാതി-
ഘോരവാരാശി കണ്ടതും

പഴനിക്കമ്മയോടൊത്തു
പാല്ക്കാവടിയെടുത്തനാൾ

നിത്യനിശ്ചലഗംഭീര-
ഗിരിശൃംഗങ്ങൾ കണ്ടതും

ഓർത്തുപോയീ, ഗ്രീഷ്മരാത്രി
ഞാനീ മുറ്റത്തു ലാത്തവേ

നീലവാനം നിദിധ്യാസ-
ലീനം മുകളിൽ നിന്നതും

രോമങ്ങളെത്തരിപ്പിക്കും
മാരിയേറ്റു നടക്കവേ

നിരന്തഹരിതാനന്ദ-
മൂഴിനീളെപ്പടർന്നതും.

വിടർന്ന കുഞ്ഞിപ്പൂവിന്മേൽ-
ത്തുടിക്കും മഞ്ഞുതുള്ളിയും

ഇരുളിന്മേലിരിക്കുന്ന
പൊന്നുമിന്നാമിനുങ്ങയും

എത്ര സുന്ദരമെന്നന്നു
ചിന്തിച്ചേൻ കാര്യമായി ഞാൻ.

വിണ്ണിലൂടെപ്പറക്കുന്ന
ചിറകുള്ള പിറാക്കളും

മണ്ണിലൂടെയരിക്കുന്ന
നട്ടെല്ലില്ലാപ്പുഴുക്കളും

കാട്ടിനുള്ളിൽത്തിമർക്കുന്ന
കുറുമ്പൻമദയാനയും

പൂഴിക്കുള്ളിൽപ്പരുങ്ങുന്ന
കുനുന്താം കുഴിയാനയും

എത്ര മോഹനമെന്നന്നാ–
ളറിഞ്ഞേൻ കാര്യമായി ഞാൻ.

ശപിച്ചേനെന്നെ ഞാൻ: കോരി–
ക്കുടിച്ചീലിത്ര കാലവും

എന്റെ കണ്ണാലെന്റെയാമീ
പ്രപഞ്ചം വേണ്ടമാതിരി.

ദുഃഖത്താലും സുഖത്താലും
കണ്ണീർതൂകും മനുഷ്യരെ,

ഞെട്ടിക്കരയവേ പൊട്ടി–
ച്ചിരിക്കുന്ന ശിശുക്കളെ,

ഇനി കാണില്ല ഞാൻ; കാണി–
ല്ലെന്നുടപ്പിറമാരെ ഞാൻ

ചിരിച്ചു കുഴയും മാറെൻ–
കണ്ണിൽക്കണ്ണാടിനോക്കവേ;

ഇമകൂടാതെനിന്നീടു–
മീറൻവറ്റാത്ത കൺകളാൽ

ഊഷ്മളദ്യുതി വീശും പെ–
റ്റമ്മയെക്കാണലില്ലിനി!

അടഞ്ഞുപോകയാണൊ,ന്ന–
ല്ലെന്റെയഞ്ചിന്ദ്രിയങ്ങളും;

അടിഞ്ഞുനിൽക്കയാണുള്ളി–
ലമാവാസി തമോവിഷം.

പ്രളയാംബുധി പാഞ്ഞേറി–
ത്തുടിപ്പൂ നാഡിമണ്ഡലം;

മസ്തിഷ്കകുഹരത്തിങ്കൽ–
ച്ചീറുന്നൂ ചണ്ഡവാതവും

നക്ഷത്രപര്യന്തമാമീ–
ജ്ജംഗമാജംഗമാവലി

ബഡവാഗ്നി തിളച്ചാളു–
മുപബോധത്തിൽ വീഴവേ

ഉപ്പിൻതരികൾപോൽ കത്തി–
പ്പൊട്ടിപ്പൊട്ടിത്തെറിപ്പിതോ?

അവയ്ക്കു നടുവിൽപ്പാവം
ലജ്ജിച്ചുംകൊണ്ടിരിപ്പു ഞാൻ,

തലതല്ലിക്കരഞ്ഞുഗ്രം
കോപിച്ചുംകൊണ്ടിരിപ്പു ഞാൻ,

നടുങ്ങിക്കൊണ്ടുച്ചമായി
ച്ചിരിച്ചുംകൊണ്ടിരിപ്പു ഞാൻ,

മരിച്ചുപോകുന്നു, പക്ഷേ,
ജീവിച്ചുംകൊണ്ടിരിപ്പു ഞാൻ!

വിദൂരതയിൽ നിന്നാരോ
ഗർജ്ജിച്ചീടുന്നു നിർദ്ദയൻ,

''കണ്ണില്ലാതായ കുണ്ടുണ്ണി
പിഴയ്ക്കും മേലിലെങ്ങനെ?''

മജ്ജതന്നുള്ളിൽനിന്നാരോ
ചിലച്ചീടുന്നു നിഷ്ഠുരൻ,

''ഗതികെട്ട കുടുംബത്തെ–
പ്പുലർത്തും മേലിലെങ്ങനെ?''

അതിഭീകരമാമേതോ
കരിങ്കൽച്ചുമരപ്പടി

ഇടിഞ്ഞുടഞ്ഞെൻമൂർദ്ധാവിൽ–
പ്പതിപ്പൂ വിറകൊൾവു ഞാൻ

വീണുപോയന്നു കോലായിൽ,–
ത്താണുചിത്തിന്നുഷസ്സിൽ ഞാൻ!

സ്വപ്നത്തിൻ മധുരസ്തന്യം
പാനംചെയ്തു മയങ്ങി ഞാൻ.

അന്നാണ,രിപ്പറകഴി–
ഞ്ഞന്യരെല്ലാം പിരിഞ്ഞുപോയ്:

അപ്പോഴും കരളിൽത്തേങ്ങീ
കോമരത്തിൻചിലമ്പൊലി.

വാളിൻകിലുക്ക,മാത്മാവിൻ–
കിതപ്പാമട്ടഹാസവും,

മധുരാശിർവ്വചസ്സിന്റെ
ഭിഷണാവ്യക്തനാദവും,

''മരണപ്പായിൽനിന്നെന്നെ
വിളിക്കെപ്പാഞ്ഞുവന്നു ഞാൻ.

പ്രത്യേകിച്ചും വേലചെയ്തു
പരിരക്ഷിച്ചിതുണ്ണിയെ.

ഇന്നു ഞാനിരുനാഴൂരി
കൈക്കൊണ്ടു; തൃപ്തിവന്നു മേ.

എന്നുണ്ണിയെ ക്കാത്തുകൊള്ളാ–
മെന്നെന്നും: ഇതുപോരെയോ?''

അവന്റെ ചെകിടത്തൊന്നു
കൊടുക്കാൻ തോന്നിയെങ്കിലും

ഞാനനങ്ങീല,മ്മചൊല്ലീ,
''മതിയേ ജഗദീശ്വരി!''

കഴിഞ്ഞൊരാ രംഗമുള്ളി–
ലിരമ്പികൊണ്ടു നില്ക്കവേ

പുൽകിനാളമ്മ വ, ''ന്നുണ്ണി,
വിധിയാണു, വെറുംവിധി!''

ഒരാളപ്പോൾ പിന്നിൽനിന്നു
വിങ്ങിപ്പൊട്ടുന്നു; ജാനുവോ,

ഓപ്പോളോ? അല്ല,തെൻ സ്വന്തം–
കണ്ഠത്തിൻ സ്വരമല്ലയോ?

കാല, മീപ്പാഞ്ഞുപോകുന്ന
ജാലം, നിന്നീല കേവലം

നരകം കത്തുമാത്മാവിൽ
സഹതാപം തുളിക്കുവാൻ!

കൂലിക്കാർ കന്നുപൂട്ടുന്നു
ഞങ്ങൾക്കുള്ള നിലങ്ങളിൽ,

വിളതാഴുന്നു പൊങ്ങുന്നി–
തൊപ്പം പാട്ടക്കുടിശ്ശിക.

ജന്മി കേസ്സുകൊടുത്തപ്പോ–
ളാമീൻ വിധിനടത്തവേ,

ശുഷ്കവൃക്ഷക്കീറിനെപ്പോൽ,
സ്സന്യസ്തമുനിയെന്നപോൽ

മകൻ മരിച്ചദുഃഖംപോ–
ലിരുന്നേനിറയത്തു ഞാൻ.

പിമ്പാണൊ,രിക്കൽ ഞാൻ ചർക്ക
തിരിച്ചുംകൊണ്ടിരിക്കവേ,

ഓപ്പോളും ജാനുവും കൂടി
ക്കുളിക്കാൻ പോയിരിക്കവേ

ആരാന്റെ വീട്ടിലെജ്ജോലി
കഴിഞ്ഞമ്മ തിരിക്കവേ,

കോലായിലേക്കേറിടും മു–
മ്പോതിനാളവരിങ്ങിെ

''കുണ്ടുണ്ണിയ്ക്കിരുപത്തേഴു
തികഞ്ഞൂ പോയ തിങ്ങളിൽ,

ജാനുവിന്നിരുപത്തൊന്നായ്,–
ത്തങ്കമ്മൂവിനു മുപ്പതും.''

''അറിയാം'' എന്നു ഞാൻ ചൊല്ലി;
തുടർന്നാളമ്മ പിന്നെയും,

''നിലംപോയെങ്കിലും തൊണ്ട
വരണ്ടിട്ടില്ലിതേവരെ.

കീറൽകൊണ്ടാകിലും നാണം
മറഞ്ഞിട്ടുണ്ടിതേവരെ.

വിടുവേലകളാലെന്റെ
തണ്ടെല്ലൊടിവിതെങ്കിലും.

തലതാഴാതെ നില്ക്കുന്നു–
ണ്ടിന്നും;സംതൃപ്തയാണുഞാൻ.

ചർക്കച്ചക്രം തിരിച്ചിട്ടെൻ –
മക്കൾതൻ കൈപ്പടങ്ങളിൽ

തഴമ്പായിട്ടുമുൾക്കാമ്പു
മൃദുവാണ;–ല്ലലില്ല മേ.''

''അറിയാം'' എന്നുഞാൻ ചൊല്ലി;
തുടർന്നാളമ്മ പിന്നെയും:

''ശേഷിപ്പൂ വീണ്ടുമിങ്ങീയ–
ക്കുട്ടിപോലൊരു സങ്കടം.''

''പറയൂ''എന്നു ഞാൻ ചൊല്ലി;
തുടർന്നാളമ്മപിന്നെയും:

''രണ്ടുപെൺമക്കൾക്കുമെത്തീ–
ലാണായിട്ടാരുമാരുമേ.''

''ഞാനെന്തുചെയ്യും?'' ചോദിച്ചേ;–
നമ്മചൊല്ലി സഗൽഗദം.

''നിനക്കും വേണ്ടയോ ദുഃഖം
പകുക്കാൻ പെണ്ണൊരുത്തിയെ?''

അപ്പോളെൻചുണ്ടനങ്ങീല
കണ്ഠത്തിൽ തങ്ങി നൊമ്പരം;

പെണ്ണൊരുങ്ങീടുമോ കണ്ണു–
പൊട്ടനെക്കൈവരിക്കുവാൻ?

കോലായിലേറിയെൻതോളിൽ
പഴക്കംവന്നകൈകളാൽ

കരൾത്തേനേ പുരട്ടിക്കൊ–
ണ്ടോതിനാളൊടുവിങ്ങനെന:

''അറിവേനമ്മ നീയുള്ളിൽ
നിനയ്ക്കും നിനവത്രയും;

രംഭമാരല്ലെടോ നാട്ടിൽ–
പെൺകിടാങ്ങൾ മുഴുക്കനെ.''

അപ്പോളെന്നുള്ളിൽനിന്നേതോ
നെടുവീർപ്പൂറി മെല്ലവേ

വെട്ടിവീണ മരത്തിന്റെ
കുറ്റിയിൽ തളിർമാതിരി.

മദ്ധ്യവേനൽക്കാലമാകെ–
പ്പൂക്കളിൽ തേൻ മുഴുക്കവേ

അഴകുള്ളവരാമെന്റെ
പെങ്ങന്മാരിരുപേരെയും

വരിച്ചൂ രണ്ടു സമ്പന്ന–
രുദ്യോഗസ്ഥപ്രമാണികൾ;

അവർതൻപെങ്ങളോ, വന്നു
പാർപ്പായെൻകൊച്ചുവീട്ടിലും.

നൊണ്ടിയാണുകറുത്തീട്ടാ–
ണവൾ; എന്താകിലെന്തു മേ?

കണ്ടു'ചങ്കര' നിൽസ്സാധ്വി
കാമനോടൊത്തദേവനെ!

അവളിൽക്കൂടി ഞാൻ നേടി
പോയ്പോയ നയനങ്ങളെ;

അവളിൽക്കൂടി ഞാൻ കണ്ടു.
രൂപം, വർണ്ണം, പ്രകാശവും.

''ഞാനട്ടക്കരിപോലുള്ള
നൊണ്ടിപ്പെണ്ണാണു മൂപ്പരേ''

ചൊന്നാളൊരല്ലിലാപ്പൊള്ള–
മൂളമേൽത്തത്തിടും കിളി.

ഇരുളിന്നടിയിൽ പൂഴ്ന്ന
മുറ്റത്തെക്കാട്ടുപൊന്തയിൽ

മുതിരും കുയിലിൻനാദം
ചെവിപാർത്തൊന്നു നിന്നു ഞാൻ.

നാണിതൻമിഴിയിൽത്തന്നെ
നോക്കിപ്പിന്നെമൊഴിഞ്ഞുഞാൻ:

'നൊണ്ടിക്കറുമ്പിപ്പെണ്ണേ, നിൻ–
കണ്ഠമാധുരി കേൾക്കവേ.

സുഷുമ്നാനാഡിവരെ ഞാൻ
കോൾമയിർക്കൊൾവിതോമനേ!

കൽപ്പകപ്പൂന്തൊത്തുതരും
മൃദുലസ്പർശനങ്ങളെ,

നാസാപുളകമാം ഗന്ധ–
ങ്ങളെത്തൻമധുരങ്ങളെ,

നിന്നിൽനിന്നേറ്റു ഞാൻ; അപ്പോ–
ളഴകിന്നഴകായി നീ;''

''കളവെ'' ന്നവളെൻകുറ്റി–
ത്താടിമീശതലോടവേ

കരയുംപോൽചിരിച്ചുംകൊ–
ണ്ടവളെപ്പൂണ്ടുപോയി ഞാൻ:

''കറുത്തനൊണ്ടിപ്പെണ്ണേ, നീ–
യപ്സരഃകാമ്യയല്ലയോ?

കണ്ണുപൊട്ടന്നു ദൈവത്താൽ –
ക്കൈവന്ന നിധിയല്ലയോ?''

മുപ്പതാണ്ടെങ്ങളെപ്പിന്നീ–
ടുരുമ്മിപ്പോയശേഷവും

കരയുംപോൽചിരിച്ചുംകൊ–
ണ്ടവളെപ്പൂണ്ടുനിൽപ്പുഞാൻ.

സ്നേഹരൂപിണിയാം പാതി–
മെയ്യിൻസൗഭാഗ്യപൂർത്തിയാൽ

മികച്ചശമ്പളംപറ്റും
നാലുപേർക്കച്ഛനായ ഞാൻ

അമ്പത്തേഴുപിറന്നാളു–
ണ്ടതിൽപ്പിമ്പിന്നുരാവിലെ

അമ്മയ്ക്കുവഴിപോൽ ശ്ശേഷ–
ക്രിയ ചെയ്തെഴുനേൽക്കവേ

നിശ്ചലം നിന്നുപോകുന്നി–
തകാരണമകാരണം

അന്ധമെങ്കിലുമെൻകണ്ണി–
ലൂറുന്നുണ്ടശ്രുവിന്നുമേ.

ഉദകക്രിയതീരേണ്ടൂ
ചുടുകണ്ണീരൊഴുക്കിലോ?

അഥവാ ഭൂവിലെന്തുള്ളു
വേറെയത്രയ്ക്കമൂല്യമായ്?

# *ബസ്സു തെറ്റൽ

ചേവായൂർ–നടക്കാവുബസ്സുകാത്തുച്ചച്ചൂടിൽ

വേവുമാറിതാ നിൽപ്പേൻ 'വാട്ടർടാങ്കി'ലെ സ്റ്റോപ്പിൽ

ഗതിയെന്തുള്ളൂ വേറെ? ബസ്സുറൂട്ടിട്ടില്ലീശൻ
'പുതിയപാലത്തു' നിന്ന''ക്കടപ്പുറ''ത്തോളം

കാത്തുകാത്താവൂ ബസ്സും വന്നെത്തീ; കുടനീട്ടി–
ക്കാട്ടി ഞാൻ എന്നെക്കണ്ട ഭാവമുണ്ടായില്ലല്ലോ

ഓവർലോഡാവും ഹേതു; സമയത്താപ്പീസെത്താ–
നാവില്ലിന്നെനിക്കെന്നു തീർച്ചയായെന്തായാലും.

ഇനിയും വരും ബസ്സിപ്പാതയിലൂടെ; വന്നി
ല്ലിനിയെങ്കിലോ; ചൊവ്വേ നടക്കാൻ കാലുണ്ടല്ലോ.

ആവലാതിയില്ലെനിക്കാരോടും ; സങ്കേതം ചേർ–
ന്നാലസിക്കട്ടേ ബസ്സിലിരിക്കുന്നവർ നേർത്തേ!

കടൽക്കാറ്റേൽക്കാൻ ചുമ്മാപോകിലും ബസ്സിൻ മുമ്പിൽ
കുടക്കാലാദ്യം നീട്ടിക്കാട്ടിയതവരല്ലോ!

എങ്കിലുമൊരു കാര്യം നിശ്ചയം: ''മാനാഞ്ചിറ''
യിങ്കലെത്തുമ്പോൾ ചിലരിറങ്ങാതിരിക്കില്ല;

കയറും പുതുപുത്തനാളുകൾ; പിന്നിൽ പ്രാഞ്ചി–
ക്കുഴയുന്നുണ്ടെൻകാൽകളെന്നപ്പോളോർക്കില്ലാരും.

വിധിതൻകണ്ണിൽ ബസ്സിൻ നിയമാവലിയെത്ര
വികലം! പൊട്ടിച്ചിരിക്കിടയിൽ കരഞ്ഞേൻ ഞാൻ.

# കറുപ്പൻ

**1**

അന്നത്തെ വേല കഴിഞ്ഞൊരു ബീഡിയും
മിന്നിച്ചു, കീശയിൽ കൂലിപ്പണവുമായ്,

തോളത്തു തൂമ്പയും ഹൃത്തിലൊരേകാന്ത-
ഗീതവുമേന്തി,പ്പരിമൃദുപാദനായ്,

പത്തുവർഷം മുമ്പുതാനൊരു നാളിലി-
ച്ചെത്തിലൂടെത്തളർന്നാ,ഗതനാകവേ

വാരന്തിപോലെത്തുടുപ്പുറ്റ വെറ്റില-
ച്ചാറിൽക്കുഴച്ച മധുരഹാസത്തൊടെ

കപ്പവിറ്റീടിന കാതരാപാംഗിയെ
കണ്ടൂ കറുപ്പനിച്ചാളതൻ തിണ്ണമേൽ.

**2**

കീറിയതാകിലും വക്കിൽക്കരയുള്ള
പാവുതട്ടംചേർന്ന കാർകുഴൽക്കറ്റയും,

ഒറ്റച്ചുളിവുമില്ലാതെ ശരീരത്തി-
ലൊട്ടിക്കിടക്കും മുഷിഞ്ഞകുപ്പായവും,

വാരുറ്റനാലഞ്ചു വെള്ളിയേലസ്സുകൾ
ചേരും തുടുത്ത ചരടിൻ മുറുകലാൽ

എറ്റിയാൽ പൊട്ടുമാറോമലാൾതന്നര-
ക്കെട്ടിലെക്കാച്ചിത്തുണിക്കും മുകളിലായ്

ഉന്തിത്തുറിക്കുമരുവയറിന്നെഴും
ചന്തവും നോക്കിത്തരിച്ചുനിന്നീടിനാൻ.

**3**

കീശയിൽ നിന്നൊരു വാരലിൽക്കിട്ടിയ
കാശും കൊടുത്തവൻ സംഭ്രമത്തള്ളലാൽ

''ഇത്തിരി കപ്പയെടുത്താട്ടെ,   വല്ലാതെ
കത്തുന്നു പള്ള''യെന്നോതുവാനുന്നവേ

നെഞ്ചമെന്നായ്പ്പോയവസാനവാക്കൊ,രു
പുഞ്ചിരി പൊട്ടിക്കുലുങ്ങിനാളോമലാൾ

കൈത്തണ്ടയിന്മേൽ ചിരിച്ചുകൂത്താടുന്ന
കുപ്പിവളകളും കണ്ടവൻ നില്ക്കവേ

വാരിക്കൊടുത്താൾ തകരത്തുലാസ്സുണ്ടു
ചാരെയെന്നോർക്കാതവളാക്കിഴങ്ങുകൾ.

**4**

മണ്ണും തൊലിയും കളഞ്ഞിട്ടവൾ നിജ-
വർണ്ണമാം മഞ്ഞളുമുപ്പും കലർത്തിയും

വേവിച്ചുമത്രമേൽ സ്വാദുള്ളതാക്കിയ

തൂവെണ്ണപോലുള്ള പൂളക്കിഴങ്ങുകൾ

വായിൽപ്പെരുകുമുമിനീരിലിട്ടര–
ച്ചാ യുവകാമുകനാസ്വദിച്ചീടവേ,

അസ്താഭ ചിന്നിത്തടംതകർത്താർത്തുപോ–
മാറ്റിൻകരവഴിക്കന്നുമടങ്ങവേ,

ഉന്നിദ്രമാം നുരക്കുത്തോടെ വെമ്പുന്ന
തന്നമേയാഹ്ലാദമോർത്തൂകണ്ടാനവൻ.

**5**

അന്നേ തെളിഞ്ഞൂ കറുപ്പന്റെ ചേതസ്സി–
ലന്യൂനമായ വെളിച്ചമൊന്നീവിധം;

കപ്പയിലല്ലോ മയങ്ങിക്കിടക്കുന്നു
നിഷ്ഫലമാവാത്ത ഭാഗധേയോൽക്കരം.

കഞ്ഞിവെപ്പാനരിയില്ലാത്ത നാൾകളിൽ
കപ്പയേ വേണ്ടൂ സുഭിക്ഷമായ്ത്തീരുവാൻ.

കപ്പയെപ്പോലെ രസികനായൊന്നുമി–
ല്ലുപ്പിട്ടുവെച്ചിലത്തുമ്പിൽ വിളമ്പുവാൻ.

കാപ്പിക്കു കൂടെ കഴിക്കുവാനാകിലോ
കപ്പയേക്കാളുമുപരിയില്ലൊന്നുമേ.

**6**

അൽപ്പാപ്പമായി വിടരുന്നു മാനത്തെ
അമ്പിളിക്കീറിനോടൊപ്പമാ ചിന്തയിൽ

കുന്നിൻചെരുവിലെ പുൽക്കൂടിലുമ്മറ–
ത്തിണ്ണയിൽ കത്തുന്ന മണ്ണെണ്ണനാളവും

മുറ്റത്തൊരു തെങ്ങൊ, രേക്കറിൽക്കൂടുതൽ
വിസ്താരമുള്ള പരുക്കനാം ഭൂമിയും

ചെമ്മൺചുമരിലമർന്നിരുന്നിപ്പൊഴു–
മമ്മ മൊഴിയും പുരാസുഖസ്വപ്നവും

വേലചെയ്തിട്ടും ചുരുളു നിവരാത്ത
നാലുവയറിന്നു നാഥയാം പെങ്ങളും.

**7**

താനൊരാളൊന്നിനും കൊള്ളാത്ത മണ്ഡൂക–
നാണെന്നു തോന്നീ കറുപ്പനാ മാത്രയിൽ.

അല്ലെങ്കിലിത്രയും കാലം നിറയാത്ത
പള്ളയിൽ മുണ്ടും മുറുക്കി നടക്കുമോ?

തെണ്ടണം, യാചിച്ചു നിൽക്കണം, ആരാന്റെ
തെങ്ങും കവുങ്ങും കടതുരന്നീടണം.

ഉച്ചയ്ക്കുണങ്ങിയ പൂട്ടാണു ഭക്ഷണം
പച്ചവെള്ളം ചവച്ചീടുന്ന ചായയും;

കൂലികിട്ടുന്നു കടലാസ്സുതുണ്ടുകൾ,
റേഷനോ കല്ലുമുമി കുറുഞ്ചാത്തനും.

**8**

ആ നീലമേഘസദൃശവിചാരങ്ങ–
ളാത്മാന്തരീക്ഷത്തെ മൂടുകയാലവൻ

രാവുറങ്ങീലന്നി, ടയ്ക്കിടയ്ക്കുൾക്കണ്ണി–
ലാവിർഭവിച്ചൂ ചിരിച്ചിടുമുമ്മയും.

പിറ്റേന്നു പെയ്ത പേമാരിയാ വീട്ടിന്നു
ചുറ്റും വിതച്ചു വെറും ജലത്തുള്ളിയോ?

അല്ലാ, ‘കിലുംകിലു’ മെന്നുചിരിക്കുന്ന
വെള്ളിയുറുപ്പികതാനവയൊക്കെയും!

പച്ചക്കിനാവാൽപ്പുളച്ചുവല്ലോ തൊടി
കൈക്കോട്ടുതിർത്ത നഖക്ഷതരാജിയാൽ.

**9**

പത്തുവർഷത്തിന്നുശേഷമിന്നേകനായ്–
ചെത്തിലൂടെ, ത്തളർന്നാഗതനാകവേ.

ഓർത്തുപോകുന്നു കറുപ്പൻ: നിജഗൃഹ–
മോടിട്ടുവെള്ളയടിച്ചതാണെങ്കിലും,

പത്തിൽജ്ജയിച്ച മരുമകൻ ശങ്കര–
ന്നുദ്യോഗമുണ്ടു നഗരത്തിലെങ്കിലും

മറ്റുള്ളവർക്കു പഠിപ്പിനും മാന്യമാം
നിത്യവൃത്തിക്കും ഞെരുക്കമില്ലെങ്കിലും

അയ്യോ, വെറും മരുഭൂമിയല്ലോ തന–
ന്തരാത്മാവിന്നനുഭൂതി മണ്ഡലം.

**10**

വീട്ടിലെത്തിപ്പനിപെട്ടൊരു പായയിൽ
വീഴുന്നു പാതിക്കഷണ്ടിയാമത്തല.

പ്രജ്ഞതന്നർദ്ധനിമീലിതാവസ്ഥയിൽ
പ്രസ്തരിക്കുന്നു പഴയൊരു സംഭവം:

കുപ്പിവളതൻ കിലുങ്ങലും താമര–
പ്പൊൽപ്പൂംകവിളിന്റെ മിന്നലാട്ടങ്ങളും.

എന്താക്കുമാരിതൻ നാമധേയം? പോയ–
തെങ്ങവൾ? ഓർത്തുകരഞ്ഞുവോ സുന്ദരി?...

അന്നു കണ്ണീരിൽക്കുതിർന്നു തലയിണ;
പിന്നത്തെ രാവിലനാഥമായാഗൃഹം.

# എനിക്കു ബുദ്ധി കുറവാണ്

എന്നുടെ ബുദ്ധിക്കറിയുവാൻ വയ്യാതി–
ല്ലൊന്നു’’ മെന്നെന്റെ സുഹൃത്തു ചൊല്ലി.

അത്ര കടത്തിപ്പറയുവാൻമാത്രം ഞാ–
നായില്ലെന്നപ്പോളെനിക്കു തോന്നി.

മറ്റൊന്നുമല്ലിതു തോന്നുവാൻ കാരണം:
മുറ്റത്തിരുന്നു മുറുക്കിടുമ്പോൾ,

ഞാനും സുഹൃത്തും വെടിപറഞ്ഞീടുമ്പോൾ
മാനത്തെൻ കണ്ണുപതിഞ്ഞിരുന്നു;

മാനത്തൊരുപാടു തൈജസകീടങ്ങൾ
മാത്രകൾതോറും മിടിച്ചിരുന്നു:

മാത്രകൾതോറു,മറിഞ്ഞു ഞാൻ സ്പർശത്താൽ
മാമകോരസ്സും മിടിച്ചിരുന്നു.

എന്താണീ സ്പന്ദം? ഉഡുവിലുമെന്നിലു–
മെന്തിനെമ്മട്ടതു വാഴ്‌വിതൊപ്പം?

ഊഊഊ

''എന്നുടെ ബുദ്ധിക്കറിയുവാൻ വയ്യാതി–
ല്ലൊന്നും'' സുഹൃത്തുടനാവർത്തിച്ചു.

ഉത്തരം ചൊല്ലീ ഞാനായാളൊടിങ്ങനെ,
''ബുദ്ധിമാനല്ല ഞാനത്രയ്ക്കൊന്നും:

എന്നിലെബ്ബുദ്ധിക്കറിയുവാനാവുന്നീ–
ലെന്നിൽ നടക്കും കഥകൾപോലും.''

# ഒരു ബോറനെപ്പറ്റിയുള്ള ഓർമ്മ

ഉണ്ടായിരുന്നു പണ്ടെന്നുടെ ദേശത്തു

കണ്ടാലഴകുള്ളോ'രാനബോറൻ.'

നാട്ടുകാരിന്നും സ്മരിക്കുന്നു: ബോറന്നു
വീട്ടുകാരിട്ട പേർ 'കുഞ്ഞിരാമൻ'.

ബോറനാണെങ്കിലും മറ്റു മനുഷ്യരെ
ബോറന്മാരെന്നവൻ ചൊല്ലിയില്ല;

പുഞ്ചിരികൊണ്ടു ചതിച്ചില്ലൊരാളെയും;
വഞ്ചനകൊണ്ടു വധിച്ചുമില്ല.

മൂപ്പൻ പുലമ്പുന്നു രാഷ്ട്രീയശുണ്ഠികൾ
മൂക്കത്തിരുന്നു പോമീച്ചയോടും!

ഉണ്ടാപ്പഹയന്നു കാട്ടിലെ രാജാവി–
നുള്ളത്ര ചെമ്പിച്ച കൊമ്പൻമീശ;

ഉണ്ടാപ്പഹയന്നിരുട്ടിലും കാണുന്ന
രണ്ടു വല്ലാത്ത തുറുമിഴിയും.

എങ്കിലും ശൊങ്കനാണദ്ദേഹമെന്നതിൽ
ശങ്കയ്ക്കവകാശമില്ലൊരാൾക്കും.

ആകാശചുംബിയാം മസ്തകം പൊക്കിക്കൊ–
ണ്ടാജാനുബാഹുവാമപ്പുരുഷൻ

താളത്തിൽത്താളത്തിൽക്കാലടിയൂന്നിയും

ചൂളം വിളിച്ചും നടന്നു പോകേ

വേലിക്കൽ ച്ചൂളിപ്പതുങ്ങി നിന്നീടി
ലോലാക്ഷിമാരുടെ കഞ്ചുകങ്ങൾ

മുള്ളിൽക്കൊളുത്തി വലിഞ്ഞൂ പൊളിഞ്ഞുവെ–
ന്നുള്ള കഥതന്നെയുണ്ടസംഖ്യം.

എന്നാലും ദൂരത്തച്ചങ്ങാതിതൻനിഴ–
ലെങ്ങാനുമാരാനും കണ്ടുപോയാൽ

മൂക്കിന്നു നേരേ പറന്നുപോം കുട്ടികൾ
മൂകരായ്പ്പങ്ങിപ്പളുങ്ങി നില്ക്കും

വീട്ടിലെപ്പത്തായപ്പെട്ടിയിലല്ലെങ്കിൽ
മേട്ടിലെപ്പുല്ലാനിപ്പൊന്തകളിൽ.

കൃത്യാന്തരങ്ങളാൽബ്ബദ്ധനറിഞ്ഞീലി–
സ്സത്യങ്ങൾ യാതൊന്നുമാനബോറൻ

ചെത്തുവക്കത്തെഴും ചായക്കടയിൽത്താ–
നെത്താഞ്ഞാൽ നേരം വെളുക്കലുണ്ടോ?

ചെത്തുവക്കത്തെഴും കള്ളുകടയിൽത്താ–
നെത്താഞ്ഞാലന്തി കറുക്കലുണ്ടോ?

ഈസുപ്പിൻപീടികത്തട്ടിൻപുറത്തെഴു–
മീസിച്ചെയറിലിരുന്നുകൊണ്ടും

ചുണ്ടിൽക്കെടാവിളക്കെന്നപോൽ മിന്നുന്ന
തുണ്ടായ ബീഡി കുടിച്ചുകൊണ്ടും

സ്റ്റാലിനെ ച്ചേംബർലെയിനെ റൂസ്വൽട്ടിനെ–
ത്തോലുരിക്കുന്ന തിരക്കിലൂടെ

‘എംഡ’ന്റെ പുണ്യവീരേതിഹാസം പുളി–
ച്ചേമ്പക്കമൊത്തു ബഹിർഗ്ഗമിക്കേ,

വാശിയിൽച്ചീട്ടുകളിച്ചിട്ടതുവഴി
കാശു തുലയ്ക്കലാം മർത്ത്യധർമ്മം

താഴ്ചയും വീഴ്ചയും പറ്റാതെ നില്ക്കുമോ
താനൊരാളില്ലീജ്ജഗത്തിലെങ്കിൽ?

ധർമ്മത്തിൽനിന്നു പതറാതിരിക്കുവാൻ
നമ്മളവ്യാജം പണിപ്പെടുന്നു:

എന്നിട്ടും വന്നു ചതിക്കുന്നു, കഷ്ടമേ,
കണ്ണുകടിക്കാരനായ ദൈവം!

മദ്യനിരോധം നടപ്പായി; ബോറന്റെ
മട്ടാകെയന്നു പരുങ്ങലായി.

ആരോ കരയ്ക്കുപിടിച്ചിട്ട മീൻകണ–
ക്കാപാദചൂഡം വെറുങ്ങലിച്ചു.

എങ്ങോട്ടും പോവില്ലൊ,രാളൊടും മിണ്ടില്ല,
ചങ്ങാതി വീട്ടുതപസ്സിലാണ്ടു:

ഓരോരോ ഹാലിൽക്കറങ്ങിടും ലോകരാ–

ബ്ബോറനെത്തീരേ മറന്നുപോയി.

കേടുകൂടാതവൻ ജീവിച്ചിരിപ്പിതോ,
വീടേതറിവില്ലൊരാൾക്കുമിപ്പോൾ.

ഓർക്കുന്നു പക്ഷേയിന്നമ്പലവട്ടത്തി–
ലോരോരോ കിസ്സ പറഞ്ഞു നില്ക്കേ

ഈറനാം കഞ്ചുകം മാറത്തു തൂക്കിയ
നാരിമാരേതോ കിനാവുപോലെ.

''ഉണ്ടായിരുന്നല്ലോ പണ്ടീ പ്രദേശത്തു
കണ്ടാലഴകുള്ളോരാനബോറൻ!''

കുട്ടികൾ കേറിത്തിരുത്തുന്നു, ''വീട്ടുകാ–
രിട്ട പേരെന്തെന്നോ? കുഞ്ഞിരാമൻ!''

പാറുന്നു ചുണ്ടത്തു പുഞ്ചിരിയെങ്കിലു–
മൂറുന്നു കൺകളിലശ്രു ബിന്ദു!

## പൊട്ടക്കാള

പൂത്തുപോയല്ലോ, ഹാ, ഞാൻപണ്ടത്തെക്കഥയൊന്നു
മോർത്തിടാതീയാണ്ടത്തെ വസന്തം വന്നപ്പോഴും!

ആളുകളെന്നെപ്പൊട്ടക്കാള*യെന്നാക്ഷേപിപ്പ–
താശുഗൻ വീണ്ടും വന്നെൻ ചെവിയിൽപ്പറയവേ,

ഉള്ള ചെന്തളി,രുള്ള പൂമൊട്ടുകൂടി,പ്പറി–
ഞ്ഞൂർന്നുപോംവിധം പെട്ടെന്നെൻതലയുലരുന്നു.

തൂമണങ്ങളെക്കോരിച്ചൊരിയും പരലക്ഷം
പൂമരങ്ങളോടൊപ്പമെന്തിനു പെറ്റാളെന്നെ,

മൂക്കെന്നതുള്ളോർക്കൊക്കെ മൂർച്ഛയുണ്ടാക്കും മട്ടിൽ
മൂർത്ത ദുർഗ്ഗന്ധത്തെ,യീവത്സലവസുന്ധര?

ഊഊഊ

പൂത്തുപോയല്ലോ, ഹാ, ഞാൻ പണ്ടത്തെക്കഥയൊന്നു–
മോർത്തിടാതീയാണ്ടത്തെ വസന്തം വന്നപ്പോഴും!

കരളിൻകര കണ്ണീർപ്പൊക്കത്തിൽ മുങ്ങിപ്പോയ–
തുരിയാടുവാൻ ചെറുനാവില്ലാഞ്ഞിടരോടെ

അമ്മയെച്ചവിട്ടുവാൻ വലിയുമെൻ കാലിന്മേ–
ലമ്മ നിസ്ത്രപം കെട്ടിപ്പിടിച്ചു തൂങ്ങീടുന്നു.

അധികപ്രേമംകൊണ്ടു കുഴയും മുറുക്കത്തിൽ:
'അസഹായയാം കുഞ്ഞേ,ഞാനു'മെന്നല്ലീ സാരം?

അറിവേനിപ്പോൾ: അമ്പോ, ദുസ്സഹം മൗഢ്യത്തിന്റെ
പരിഹാസത്തെക്കാളീ സ്നേഹത്തിൻ സഹതാപം!